വ്യവസായ നാദം
OFFICIAL NEWS BULLETIN OF KSSIA, KOTTAYAM UNIT

VOL. 5 • ISSUE 7
**JULY-2011**

*Chief Editor*
**Dr. T.C. Joseph**
(President, KSSIA, Kottayam)

*Editorial Board Members*
**Abraham Kuriakose**
**K. Dilip Kumar**
**James Immanuel**
**Benoy Kurian**
**Xavier Thomas Kondody**
**Dr. George P. Thomas**

**THE KERALA STATE SMALL INDUSTRIES ASSOCIATION (KSSIA) KOTTAYAM DISTRICT UNIT**
No. XIV/105/A
Kottayam Municipal Industrial Estate
Kodimatha, Kottayam-686 013
Phone: 2309731, 9446083561
Phone & Fax: 2567570
www.kssiakottayam.com
E-mail:
ktmsmallind@bsnl.in
kssiaindustries@yahoo.co.in

Designing, Typesetting & Printing
**3King, Ktm-1**
# 256 9180, 944 777 9180

**ഇൻഡക്സ് 2011**

**അഖിലേന്ത്യാ വ്യവസായ വാണിജ്യമേള**

**2011 സെപ്റ്റംബർ 30 മുതൽ**
**ഒക്ടോബർ 6 വരെ**
**കോട്ടയം മാമ്മൻമാപ്പിള ഹാളിൽ**

* വമ്പിച്ച ഉത്പാദന ഉപഭോക്തൃ സംഗമം
* ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് മുൻഗണന.
* ഗവൺമെന്റ് ഏജൻസികൾ, ധനകാര്യ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവരുടെ പങ്കാളിത്തം.
* സ്റ്റാൾ ബുക്കിംഗ്, പരസ്യം എന്നിവയ്ക്ക് ബന്ധപ്പെടുക.

**ഫോൺ: 0481 - 2567570**

# സമ്മർദ്ദങ്ങളെ അതിജീവിക്കുക






**ബി**സിനസ് സംബന്ധമായ ഉത്കണ്ഠകളും ആശങ്കകളും പലപ്പോഴും വ്യവസായികളുടെ ഉറക്കം കെടുത്താറുണ്ട്. ആശങ്കകളും പ്രശനങ്ങളും സങ്കീർണമാവുമ്പോൾ നമ്മുടെ പ്രവർത്തനങ്ങൾ നിശ്ചലമാവുകയും മുമ്പോട്ടു നീങ്ങുവാൻ സാധിക്കാതെ വരികയും ചെയ്യുന്നു. ചെയ്തുതീരുവാനുള്ള ജോലികളെകുറിച്ചുള്ള ഉത്കണ്ഠ ഒരു പരിധിവരെ ജോലി ചെയ്യുവാൻ പ്രചോദനമാവുമെങ്കിലും അതിരുകടന്ന ഉത്കണ്ഠ പ്രവർത്തനകാര്യക്ഷമതയെ കുറയ്ക്കുകയും രോഗങ്ങളിലേയ്ക്ക് നയിക്കുകയും ചെയ്യും. പ്രക്ഷുബ്ധമായ അന്തരീക്ഷം ഓഫീസുകളിലും ഫാക്ടറികളിലും അസ്വസ്ഥത സൃഷ്ടിക്കുകയും ഉൽപ്പാദനക്ഷമതയെ കാര്യമായി ബാധിക്കുകയും ചെയ്യുന്നു. ശാന്തമായ മനസാകുന്നു ശക്തിയുടെ ഉറവിടം. ശാന്തമായ മനസ്സിൽനിന്ന് നല്ല ചിന്തകൾ പുറപ്പെടുന്നു. സംഘർഷമുള്ളപ്പോൾ നമ്മുടെ തലച്ചോറിനു ഫലപ്രദമായ പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. പ്രശ്നങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്യുവാൻ **'Control Your Stress'** എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ലേഖനം ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

25-06-2011 ൽ നമ്മുടെ എം.എൽ.എയും റവന്യൂമനിസ്റ്ററും ആയ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് നൽകിയ സ്വീകരണവും ഇന്ററാക്ടീവ് സെക്ഷനും വൻവിജയമാക്കുവാൻ സഹായിച്ച എല്ലാ അംഗങ്ങളോടും ഉള്ള നന്ദി അറിയിക്കുന്നു.

നമ്മുടെ ടാക്സ് സംബന്ധമായ പ്രശ്നങ്ങൾ ധനകാര്യമന്ത്രിക്കും, ഫാക്ടറി ലൈസൻസ് സംബന്ധമായ പ്രശ്നങ്ങൾ തൊഴിൽ മന്ത്രിക്കും നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

ഈ മാസം 29-ാം തീയതി നടക്കുന്ന ജനറൽ ബോഡിയിൽ എല്ലാ അംഗങ്ങളുടെയും സാന്നിധ്യം പ്രതീക്ഷിച്ചുകൊള്ളുന്നു.

**ഡോ. റ്റി.സി. ജോസഫ്**
**പ്രസിഡന്റ്, കെ.എസ്.എസ്.ഐ.എ., കോട്ടയം**

**സോഷ്യൽ സെക്യൂരിറ്റി പദ്ധതിയിൽ അംഗമാകൂ, സുരക്ഷിതത്വം ഉറപ്പാക്കൂ...**



# കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ കോട്ടയം ജില്ലാ യൂണിറ്റ്
# പ്രവർത്തന റിപ്പോർട്ട് 2010 – 2011

**(2010 ഏപ്രിൽ 1 മുതൽ 2011 മാർച്ച് 31 വരെ)**

*സുഹൃത്തുക്കളെ,*

കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ കോട്ടയം യൂണിറ്റിന്റെ 35-ാമത് വാർഷിക പൊതുയോഗത്തിലേക്ക് നിങ്ങളെ ഏവരേയും ഞാൻ ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.

ഈ അസോസിയേഷന്റെ 2010-2011ലെ പ്രവർത്തന റിപ്പോർട്ട് നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ ഈ ഭരണസമിതിയ്ക്ക് അതിയായ സന്തോഷമുണ്ട്.

അസോസിയേഷൻ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിലേക്ക് 2010-2011 ലെ ഓഡിറ്ററായി ശ്രീ. എം.കെ. കുരുവിള, ചാർട്ടേർഡ് അക്കൗണ്ടന്റിനെ 34-ാമത് വാർഷിക പൊതുയോഗം നിശ്ചയിച്ചു.

### ഭരണസമിതി

2010-2011 പ്രവർത്തന വർഷത്തിൽ 12 ജില്ലാ കമ്മറ്റികൾ കൂടുകയും സംഘടനാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു വേണ്ട കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയുമുണ്ടായി.

### അസോസിയേഷന് ജില്ലാതലത്തിൽ പ്രാതിനിധ്യമുള്ള പ്രധാന ഗവ. കമ്മറ്റികൾ:

### 1. ജില്ലാതല ബാങ്കിംഗ് അവലോകന സമിതി

ബാങ്കിംഗ് സംബന്ധിച്ച എല്ലാ കാര്യങ്ങളും മൂന്ന് മാസത്തിലൊരിക്കൽ ഈ കമ്മറ്റികൂടി വിലയിരുത്തുന്നു. കഴിഞ്ഞ സാമ്പത്തികവർഷം നാല് മീറ്റിംഗ് നടന്നു. ബാങ്കുകളുടെ വിവിധ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും വായ്പാ പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്ന ഈ യോഗത്തിൽ പലിശാവർദ്ധനവ്, സർവീസ് ചാർജ്ജ് വർദ്ധന തുടങ്ങി വിവിധ ആവശ്യങ്ങൾ അസോസിയേഷൻ പൊതുവായി ഉന്നയിച്ചിട്ടുണ്ട്. അവ ബാങ്കുകളുടെ പരിഗണനയിലാണ്.

### 2. ഗ്രീൻ ചാനൽ കമ്മറ്റി

വിവിധ ക്ലിയറൻസുകൾ വ്യവസായ യൂണിറ്റുകൾക്ക് നൽകുന്നതിന് ഈ കമ്മറ്റി കൂടിയാണ് തീരുമാനം എടുക്കുന്നത്. മൂന്ന് തവണ കൂടിയ ഈ യോഗത്തിൽ അസോസിയേഷൻ അംഗങ്ങളായവർ ഉൾപ്പെടെയുള്ളവരുടെ വിഷയങ്ങൾ ചർച്ച ചെയ്തു പരിഹരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

### 3. വൈദ്യുതി ഉപഭോക്തൃ ഉപദേശക സമിതി

മൂന്ന് മാസത്തിലൊരിക്കൽ ഈ കമ്മറ്റി കൂടി, വൈദ്യുതി സംബന്ധമായ പരാതികൾ പഠിച്ച് പരിഹാരം കാണുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നു. ഈ മീറ്റിംഗ് മൂന്ന് തവണ പള്ളം ഡപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ കൂടി. പൂവൻതുരുത്ത്, ചങ്ങനാശ്ശേരി, ഏറ്റുമാനൂർ തുടങ്ങിയ മേഖലകളിലെ അംഗങ്ങളും കമ്മറ്റി അംഗങ്ങളും പങ്കെടുത്ത ഈ യോഗങ്ങളിൽ, TOD Meter Issue, പവ്വർ അലോക്കേഷൻ, അധിക വൈദ്യുതിബിൽ എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു പരിഹാരം കണ്ടിട്ടുണ്ട്. നാഗമ്പടത്ത് പ്രവർത്തിക്കുന്ന സെന്റ് ജോസഫ് വുഡ് ഇൻഡസ്ട്രീസിന്റെ ഇലക്ട്രിസിറ്റി ബോർഡുമായി ഉണ്ടായ പ്രശ്നം പരിഹരിക്കാൻ സാധിച്ചുവെന്നതും, പ്രത്യേകം പ്രസ്താവ്യമാണ്.

### 4. സിക്ക് യൂണിറ്റ് റിഹാബിലിറ്റേഷൻ കമ്മറ്റി

സിക്ക് യൂണിറ്റുകളുടെ ധനസഹായം സംബന്ധിച്ച് തീരുമാനം എടുക്കുന്നു. അസോസിയേഷൻ അംഗങ്ങളായ യൂണിറ്റുകളുടെ ബാങ്ക് വായ്പ പ്രശ്നം രണ്ട് തവണ നടന്ന യോഗങ്ങളിൽ അവതരിപ്പിക്കുകയുണ്ടായി. ഇതിൽ ലക്ഷ്മി ലാമിനേഷൻ എന്ന യൂണിറ്റിന്റെ പ്രശ്നങ്ങൾ സംസ്ഥാന കമ്മറ്റി വഴി പരിഹരിക്കാൻ കഴിഞ്ഞു.

### 5. സൈറ്റ് സെലക്ഷൻ കമ്മറ്റി

വ്യവസായ പ്ലോട്ടുകൾ, ഗവ. പ്ലോട്ടുകൾ എന്നിവ കണ്ടെത്താൻ ശ്രമിക്കുന്നു. മീനടം, കിടങ്ങൂർ, കടുത്തുരുത്തി പഞ്ചായത്തുകളിലെ മിനി വ്യവസായ എസ്റ്റേറ്റിനുള്ള സ്ഥലം കണ്ടെത്തുകയും ആയതിനുള്ള അനന്തര നടപടി ജില്ലാ വ്യവസായ കേന്ദ്രം വഴി നടത്തുകയും ചെയ്യുന്നു.

### 6. ജില്ലാതല വ്യവസായ വികസന കമ്മറ്റി

ചെറുകിട വ്യവസായ യൂണിറ്റുകളുടെ വിവിധ പ്രശ്നങ്ങൾ പഠിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു. ഈ യോഗം രണ്ട് തവണ നടന്നു. ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള യോഗത്തിൽ സംബന്ധിക്കുകയും ജില്ലയിലെ വ്യവസായ യൂണിറ്റുകൾ നേരിടുന്ന വിവിധ വിഷയങ്ങൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. നീലിമംഗലത്ത് പ്രവർത്തിക്കുന്ന പാറയിൽ ഗ്രാനുലർ ഇൻഡസ്ട്രീസിന്റെ മുനിസിപ്പൽ ലൈസൻസ് പ്രശ്നത്തിൽ ഇടപെട്ട് വേണ്ട സഹായങ്ങൾ ചെയ്തു എന്നത് എടുത്തുപറയുവാൻ ആഗ്രഹിക്കുന്നു. കൂടാതെ ജെ.എസ് മെറ്റൽ ഇൻഡസ്ട്രീസിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചതിലും, പൂവൻതുരുത്ത് സൂപ്പർ ടച്ച് പെയ്ന്റിലെ തൊഴിൽ തർക്കം പരിഹരിക്കാൻ കഴിഞ്ഞതിലും സന്തോഷമുണ്ട്.

### 7. വാറ്റ് ഗ്രീവൻസ് സെൽ

സെയിൽസ് ടാക്സ് സംബന്ധിച്ച പരാതികൾ എല്ലാ മാസവും രണ്ടാം ബുധനാഴ്ചയും അവലോകനം ചെയ്യുന്നു. ഈ യോഗത്തിൽ പൊതുവായ ടാക്സ് വിഷയങ്ങളും ലഭ്യ

മായ പരാതികളും അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കണ്ടിട്ടുണ്ട്. Deemed Exporters ന് Form H ന് മേൽ ഉണ്ടായിരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിഞ്ഞു.

8. പത്താം പഞ്ചവത്സര പദ്ധതി നയരൂപീകരണ കമ്മറ്റി പഞ്ചവത്സര പദ്ധതിയിൽ വ്യവസായ വളർച്ച ചർച്ച ചെയ്തു തീരുമാനിക്കുന്നു. നാല് മീറ്റിംഗുകൾ ഇത് സംബന്ധിച്ച് നടന്നു.
9. Grievance Redressal Cell for Small Scale Entrepreneures. മീറ്റിംഗിൽ – പങ്കെടുത്തു.
10. ജില്ലാതല ഉപഭോക്തൃ സംരക്ഷണ സമിതി – മീറ്റിംഗിൽ പങ്കെടുത്തു.
11. Empowered Committee on MSME Credit - മീറ്റിംഗിൽ പങ്കെടുത്തു.
12. സെൻട്രൽ എക്സൈസ് റീജിനൽ അഡ്വൈസറി കമ്മറ്റി. ഈ കമ്മറ്റിയിൽ മുൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. സേവ്യർ തോമസ് കൊണ്ടോടി അംഗമാണ്.

ജില്ലാ കളക്ടർ, ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ, സെയിൽസ് ടാക്സ് ഡപ്യൂട്ടി കമ്മീഷണർ, ബാങ്ക് ഉദ്യോഗസ്ഥർ, മറ്റ് വിവിധ വകുപ്പുകളിലെ ഉയർന്ന ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടക്കുന്ന മേൽപ്പറഞ്ഞ കമ്മറ്റികളിൽ നമ്മുടെ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ അംഗങ്ങളാണ്. ഈ കമ്മറ്റികളിൽ പരിഗണിക്കേണ്ടതിന് ഇവിടെ ലഭിക്കുന്ന പരാതികൾ പഠിച്ച് യഥാസമയം പ്രസ്തുത കമ്മറ്റികളിൽ അവതരിപ്പിച്ച് വേണ്ട പരിഹാരമാർഗ്ഗങ്ങൾ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അസോസിയേഷൻ ചെയ്തു കൊടുക്കുന്നുണ്ട്. മേൽപ്പറഞ്ഞ കമ്മറ്റികൾ യഥാസമയം കൂടുന്നതിനാൽ, നിങ്ങളുടെ പരാതികൾ അസോസിയേഷൻ ഓഫീസിൽ കൃത്യസമയത്തു തന്നെ എത്തിച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

### പൊതുവായ പ്രവർത്തനങ്ങളും വിവിധ യോഗങ്ങളും

അസോസിയേഷൻ ജില്ലാ കമ്മറ്റി എല്ലാ മാസങ്ങളിലും യോഗം ചേർന്ന് അതാത് മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾക്കുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു. ഈ യോഗങ്ങൾ എല്ലാം തന്നെ സജീവവും ക്രിയാത്മകവുമായ ചർച്ചകൾ നടത്തുന്നവയാണ്. കൂടാതെ എല്ലാ മാസവും നടക്കുന്ന വിവിധ ഗവ. കമ്മറ്റികളിൽ അസോസിയേഷന്റെ പ്രതിനിധികൾ പങ്കെടുത്ത് വേണ്ട നടപടിക്രമങ്ങൾ ചെയ്യുന്നുണ്ട്. സംസ്ഥാന അസോസിയേഷൻ സെൻട്രൽ കമ്മറ്റികളിലും, ജനറൽ കൗൺസിൽ യോഗങ്ങളിലും, ഭാരവാഹികൾ കോട്ടയം ജില്ലയെ പ്രതിനിധീകരിച്ച് ചെറുകിട വ്യവസായികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാരം കാണുകയും ചെയ്യുന്നു. കസ്റ്റംസ് സെൻട്രൽ എക്സൈസിന്റെ റീജിനൽ അഡ്വൈസറി മീറ്റിംഗുകൾ, സെമിനാറുകൾ, ലഘുയോഗങ്ങൾ എന്നിവയിൽ അസോസിയേഷൻ പ്രതിനിധികൾ സംബന്ധിച്ച് നമ്മുടെ വിവിധ ആവശ്യങ്ങൾ ശക്തമായി ഉന്നയിക്കുവാനും നേടിയെടുക്കുവാനും ശ്രമിച്ചിട്ടുണ്ട്.

### ഭരണസമിതി

2010–2012 വർഷത്തെ ഭരണസമിതി 2010 ജൂലൈ മാസം 30–ാം തീയതിയാണ് ചുമതലയേറ്റത്. 30 പുതിയ എസ്.എസ്. ഐ. യൂണിറ്റുകൾ ഉൾപ്പെടെ 550 ചെറുകിട വ്യവസായ യൂണിറ്റുകൾ ഇപ്പോൾ അസോസിയേഷനിൽ അംഗങ്ങളായിട്ടുണ്ട്.

## ഇതരപ്രവർത്തനങ്ങൾ

### ഇൻഡക്സ് എക്സിബിഷൻ

ഇൻഡക്സ് എക്സിബിഷൻ കെ.എസ്.എസ്.ഐ.എ. കോട്ടയം ജില്ലാ ഘടകത്തിന്റെ പ്രശസ്തിയുടെ പ്രതീകമാണ്. തുടർച്ചയായി 15–ാം വർഷത്തിൽ എത്തിനിൽക്കുന്ന ഈ വ്യവസായിക മഹോത്സവം തീർച്ചയായും ഓരോ വർഷം പിന്നിടുമ്പോഴും പ്രവർത്തന നിലവാരം മെച്ചപ്പെടുത്തിയിട്ടേ ഉള്ളൂ.

2010 ഇൻഡക്സ് എക്സിബിഷൻ വേറിട്ടൊരു ഇൻഡക്സ് കാർണിവലിനാണ് രൂപം കൊടുത്തത്. രാജ്യാന്തര നിലവാരത്തിലുള്ള റബ്ബറധിഷ്ഠിത ഉൽപ്പന്നങ്ങളുടെയും യന്ത്രസാമഗ്രികളുടെയും ഇവയെ കൂടാതെ കോട്ടയം ജില്ലയുടെ വിവിധ മേഖലകളിൽ പ്രവർത്തനവിജയം കൈവരിച്ചിട്ടുള്ള മറ്റ് സ്ഥാപനങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും സ്റ്റാളുകളും ഈ മേളയിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പൊതുമേഖലയിലുള്ള വ്യവസായ വാണിജ്യ സ്ഥാപനങ്ങളുടെ സജീവ സാന്നിധ്യം കൊണ്ടും ഇത് ശ്രദ്ധേയമാകുന്നു.

ഏതാണ്ട് നൂറിൽപരം സ്റ്റാളുകളും അതിനുപുറമെ ഫുഡ് കൗണ്ടറും എല്ലാ ദിവസവും വൈകുന്നേരം എന്റർറ്റൈയ്ൻമെന്റ് പ്രോഗ്രാമുകളും 2010 ഇൻഡക്സിനെ ആകർഷണീയമാക്കി. ഇതിന്റെ ഇൻഡീരിയൽ ലേ-ഔട്ട് ഉൾപ്പെടെയുള്ള കാര്യങ്ങൾ തികച്ചും നൂതന രീതിയിൽ ആയിരുന്നു.

2010 ഏപ്രിൽ 15–18 വരെ കോട്ടയം സ്പോർട്ട്സ് കൗൺസിൽ മൈതാനത്ത് നടന്ന ഈ മേളയുടെ ഉദ്ഘാടനം ജില്ല പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. റ്റി. എൻ രമേശൻ നിർവഹിച്ചു. ഏപ്രിൽ 17–ാം തീയതി നടന്ന സമാപനസമ്മേളനത്തിൽ പ്രതിപക്ഷനേതാവ് ശ്രീ ഉമ്മൻ ചാണ്ടി, കോട്ടയം എം.എൽ.എ., ശ്രീ. വി.എൻ. വാസവൻ, കെ.എസ്.എസ്.ഐ.എ. സ്റ്റേറ്റ് പ്രസിഡന്റ്, ശ്രീ. വി.കെ.സി. മുഹമ്മദ് കോയ, വൈസ് പ്രസിഡന്റ് ശ്രീ. ദാമോദർ ആവനൂർ, സ്റ്റേറ്റ് ട്രഷറർ ശ്രീ. പി.ഡി. ജോർജ്ജ് എന്നിവരും പങ്കെടുത്തു.

### നിർധന കുടുംബത്തിന് ധനസഹായം

കേരളാ സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയഷൻ കോട്ടയം യൂണിറ്റ് ഈ വർഷത്തെ ചാരിറ്റി ഫണ്ട് വിതരണം ചെയ്തു. കോട്ടയത്ത് കുഴിമറ്റം പരുത്തുംപാറ തുണ്ടിപ്പറമ്പിൽ ജോയിസ്, ഗ്രേസ്. സോണിയ എന്നീ നിർധനരായ മൂന്ന് പെൺകുട്ടികൾക്കാണ് 25000 രൂപ അസോസിയേഷൻ ഫണ്ടിൽ നിന്നും ധനസഹായം നൽകിയത്. മാതാപിതാക്കൾ ഇല്ലാത്ത ഈ കുട്ടികൾ പഞ്ചായത്ത് അംഗം റോയി മാത്യുവിന്റെ സംരക്ഷണയിലാണിപ്പോൾ. ഇൻഡക്സ് സമാപന സമ്മേളനത്തിൽ പ്രതിപക്ഷനേതാവ് ഉമ്മൻ ചാണ്ടിയാണ് ധനസഹായം കുട്ടികൾക്ക് നൽകിയത്.

### സോഷ്യൽ സെക്യൂരിറ്റി ഫണ്ട്

അകാലത്തിൽ നമ്മളിൽനിന്നും കടന്നുപോയ അസോസിയേഷൻ മുൻ ജോയിന്റ് സെക്രട്ടറിയും ന്യൂ ഇൻഡ്യാ കോഫി വർക്സ് ഉടമയും ആയിരുന്ന ശ്രീ. എം.റ്റി.തോമസ്സിന് സോഷ്യൽ സെക്യൂരിറ്റിയിൽ നിന്നും ലഭിച്ച തുക അദ്ദേഹത്തിന്റെ മകൻ ശ്രീ. ബിജു തോമസ്സിന് പ്രതിപക്ഷനേതാവ് ഇൻഡക്സ് സമാപന സമ്മേളനത്തിൽ വച്ച് നൽകി.

### ബെസ്റ്റ് SSI അവാർഡ്

2010–ലെ അസോസിയേക്ഷന്റെ ജോസഫ് സെബാസ്റ്റ്യൻ മെമ്മോറിയൽ ബെസ്റ്റ് SSI അവാർഡ് സഹൃദയ റബ്ബർ ഇൻഡസ്ട്രീസിന് ലഭിച്ചു. ഇൻഡക്സ് 2010ന്റെ സമാപന സമ്മേള

നത്തിൽ പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻചാണ്ടി എം.എൽ.എയിൽ നിന്നും ശ്രീ. തോമസ് തോമസ് അറയ്ക്കത്തറ അവാർഡ് ഏറ്റുവാങ്ങി.

### MSME സംസ്ഥാന അവാർഡ്

ഈ വർഷത്തെ ഏറ്റവും നല്ല ചെറുകിട വ്യവസായി സംരംഭകർക്കുള്ള സംസ്ഥാന അവാർഡ് മിഡാസ് ഗ്രൂപ്പും ജില്ലയിലെ ഏറ്റവും നല്ല ചെറുകിട വ്യവസായ യൂണിറ്റിനുള്ള അവാർഡ് പൂവൻതുരത്ത് വ്യവസായ എസ്റ്റേറ്റിലെ പ്രിയ അക്യുമിലേറ്റേഴ്സും കരസ്ഥമാക്കി.

### മെംബേഴ്സ് ഡയറക്ടറി 2010

കെ.എസ്.എസ്.ഐ.എ. കോട്ടയം ജില്ലയിലെ വ്യവസായികളുടെ ഒരു ഡയറക്ടറി 2010 ഏപ്രിൽ 17ന് ഇൻഡക്സ് 2010 നോടനുബന്ധിച്ച് പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടിയുടെ സാന്നിധ്യത്തിൽ സംസ്ഥാന പ്രസിഡന്റ് വി.കെ.സി. മമ്മദ് കോയ പ്രകാശനം ചെയ്തു. മെംബേഴ്സ് ഡയറക്ടറിയുടെ കോപ്പി ഇതിനോടകം എല്ലാ അംഗങ്ങൾക്കും ലഭിച്ചു എന്ന് വിശ്വസിക്കുന്നു. ഈ ഡയറക്ടറിയുടെ പ്രസിദ്ധീകരണത്തിന് സഹായിച്ച അസോസിയേഷനിലെ എല്ലാ അംഗങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു. ഇതിൽ പരസ്യങ്ങൾ നൽകി സഹായിച്ച വ്യവസായികളോടും മുൻ ജില്ലാ പ്രസിഡന്റ് ഡോ. ജോർജ്ജ് പി. തോമസ് അടക്കമുള്ള മറ്റ് ഭാരവാഹികളോടും ജില്ലാ കമ്മറ്റി മെമ്പർമാരോടും ഡയറക്ടറി കൺവീനർ ശ്രീ. റ്റി.ഐ. കുര്യൻ എന്നിവരോടുമുള്ള പ്രത്യേകം നന്ദിയും അറിയിക്കട്ടെ. വളരെ ചെലവുകുറച്ച് ഇത് പ്രിന്റ് ചെയ്തു തന്ന ഡി.സി. ബുക്സ് ഉടമ രവി ഡിസിക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

### സ്വീകരണം

എൻ.എസ്.ഐ.സി. സോണൽ മാനേജർ ശ്രീ. വി. അറുമുഖത്തിന് അസോസിയേഷൻ ഓഫീസിൽ (ഏപ്രിൽ 30, 2010) സ്വീകരണം നൽകി. സീനിയർ മാനേജർ ശ്രീ. JVRK ശർമ്മയും കോട്ടയം മാനേജർ ശ്രീ. കെ.വി. കുമാറും അസോസിയേഷൻ ഭാരവാഹികളും ജില്ലാ കമ്മിറ്റി അംഗങ്ങളും യോഗത്തിൽ പങ്കെടുത്തു.

### അസോസിയേഷൻ വാർഷിക പൊതുയോഗം

അസോസിയേഷൻ വാർഷിക പൊതുയോഗം 27/7/2010-ൽ കോടിമത അസോസിയേഷൻ ഹാളിൽ നടന്നു. യോഗത്തിൽ പ്രസിഡന്റ് ഡോർജ് പി. തോമസ് അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് ഡോ. റ്റി.സി. ജോസഫ് യോഗത്തിൽ സ്വാഗതം ആശംസിച്ചു. സെക്രട്ടറി എബ്രഹാം കുര്യാക്കോസ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറാർ ശ്രീ. ബിനോയ് കുര്യൻ 2009-10ലെ വാർഷിക വരവു ചിലവു കണക്കുകളും ഇൻഡക്സ് 2010ന്റെ വരവുചിലവു കണക്കുകളും യോഗത്തിൽ അവതരിപ്പിച്ചു. അസോസിയേഷൻ അംഗങ്ങളുടെ മക്കൾക്ക് ഏർപ്പെടുത്തിയ SSLC, +2, CBSE, ICSE അവാർഡുകൾ യോഗത്തിൽ വിതരണം ചെയ്തു. +2വിന് ക്രിസ്സ് ജേക്കബ് കുരുവിളയും CBSE ക്ക് അലക്സ്സ സഖറിയായും ICSEക്ക് ജേക്കബി ജയിംസും അവാർഡുകൾ കരസ്ഥമാക്കി. അസോസിയേഷന്റെ വകയായി മെമെന്റോയും ശ്രീ. ഡിറ്റു ജോൺ, ശ്രീ. കെ.സി. സെൽവരാജ് എന്നിവർ നൽകിയ ക്യാഷ് അവാർഡും ഇവർക്ക് വിതരണം ചെയ്തു. യോഗത്തിൽ 150 അംഗങ്ങൾ പങ്കെടുത്തു.

### ഭരണസമിതിയുടെ സ്ഥാനാരോഹണം

2010-12 ലെ അസോസിയേഷൻ ഭരണസമിതി പ്രസിഡന്റ് ഡോ. റ്റി.സി. ജോസഫിന്റെ നേതൃത്വത്തിൽ 2010 ജൂലൈ 30-ാം തീയതി ചുമതലയേറ്റു. യോഗത്തിൽ ശ്രീ. വി.എൻ. വാസവൻ എം.എൽ.എ മുഖ്യാതിഥിയായി പങ്കെടുത്തു. മുൻ പ്രസിഡന്റും മറ്റ് ഭാരവാഹികളും പുതിയ ഭരണ സമിതിയംഗങ്ങൾക്ക് ചുമതലകൾ കൈമാറി. ഇലക്ഷൻ നടപടിക്രമങ്ങൾക്ക് അസോസിയേഷൻ ലീഗൽ അഡ്വൈസർക്കും ചീഫ് അഡ്വ.റിട്ടേണിംഗ് ഓഫീസറുമായ കെ.ജെ. ഫിലിപ്പോസ് നേതൃത്വം നൽകി. യോഗത്തിൽ 200 ഓളം അംഗങ്ങൾ പങ്കെടുത്തു. സ്ഥാനാരോഹണ ചടങ്ങിൽ മുൻ ജില്ലാ പ്രസിഡന്റുമാരെ പൊന്നാട അണിയിച്ച് ആദരിച്ചു.

### സംസ്ഥാന കമ്മറ്റി തിരഞ്ഞെടുപ്പ്

2010 സെപ്റ്റംബറിൽ നടന്ന 2010-12ലെ അസോസിയേഷൻ സംസ്ഥാന കമ്മറ്റി ഇലക്ഷനിൽ സെൻട്രൽ സോൺ വൈസ് പ്രസിഡന്റായി മുൻ ജില്ലാ പ്രസിഡന്റ് ഡോ. ജോർജ് പി. തോമസ്സും, സംസ്ഥാന കമ്മറ്റിയിലേക്ക് ശ്രീ. സേവ്യർ തോമസ് കൊണ്ടോടി, ശ്രീ. പി.ഡി. ജോർജ്ജ്, ഡോ. കുര്യൻ. പി. തോമസ് എന്നിവരും എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു.

### സംസ്ഥാന ഭാരവാഹികൾക്ക് സ്വീകരണം

ജില്ലാ കമ്മറ്റിയോടനുബന്ധിച്ച് മേൽപ്പറഞ്ഞവർക്ക് സ്വീകരണം നൽകി. ഇവരെക്കൂടാതെ ശ്രീ ഗ്ലാഡ്സൺ ജേക്കബ്, ശ്രീ. ജോർജ്ജ് ഐസക്ക്, ശ്രീമതി സൂസി ജോർജ്ജ് ഐസക്ക് എന്നിവരെ പ്രത്യേക ക്ഷണിതാക്കളായി സംസ്ഥാനകമ്മറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്തു.

### സ്വാതന്ത്ര്യദിനാഘോഷം

2010 ഓഗസ്റ്റ് 15-ാം തീയതി രാവിലെ 8 മണിക്ക് അസോസിയേഷൻ ഓഫീസിൽ ജില്ലാ പ്രസിഡന്റ് ഡോ. റ്റി.സി. ജോസഫ് പതാക ഉയർത്തി. ജില്ലാ ഭാരവാഹികളും കമ്മറ്റി അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു.

### ക്രെഡിറ്റ് റേറ്റിംഗ് സെമിനാർ

ഓഗസ്റ്റു മാസം ജില്ലാ കമ്മറ്റിയോടനുബന്ധിച്ച് ക്രിസ്സിൽ റേറ്റിംഗിന്റെ ആഭിമുഖ്യത്തിൽ ക്രെഡിറ്റ് റേറ്റിംഗ് സെമിനാർ നടത്തി. ശ്രീ. മാർട്ടീൻ, ശ്രീ. വെങ്കിടേഷ് എന്നിവർ ക്ലാസ് എടുത്തു. യോഗാനന്തരം ഇവർ സ്പോൺസർചെയ്ത ഡിന്നറും ഉണ്ടായിരുന്നു.

### ഓണാഘോഷ പരിപാടികൾ

2010 ഓഗസ്റ്റ് 28-ാം തീയതി ശനിയാഴ്ച അസോസിയേഷൻ ഹാളിൽ ഈ വർഷത്തെ ഓണാഘോഷപരിപാടികൾ നടന്നു. അസോസിയേഷൻ ജില്ലാ കമ്മറ്റിയിലും ജനറൽ കൗൺസിലിലും ഉള്ള അംഗങ്ങളും കുടുംബാംഗങ്ങളും ഉൾപ്പെടെ 80 പേരോളം പരിപാടികളിൽ പങ്കെടുത്തു. അന്ന, അനീനാ, അനീറ്റ സഹോദരിമാരുടെ പ്രാർത്ഥനാഗാനത്തോടെ യോഗം ആരംഭിച്ചു. ജില്ലാ പ്രസിഡന്റ് ഡോ. റ്റി.സി. ജോസഫ് യോഗം ഉത്ഘാടനം ചെയ്തു. എല്ലാവർക്കും ഓണാശംസകളും നേർന്നു. തുടർന്ന് ജീനാ കുര്യക്കോസ് സംഗീതം ആലപിച്ചു. അബിഷേക് കുര്യൻ മിമിക്സ്സ് പരേഡും റിയാ റായ് ജോസഫ് നൃത്തവും അവതരിപ്പിച്ചു. അതിനുശേഷം നെല്ലാ തെരേസാ ഡിറ്റുവിന്റെ ആക്ഷൻസോങ്ങും ഷോൺ തോമസ്സ് ജോർജിന്റെ മാജിക്ഷോയും നടന്നു. തുടർന്ന് കുട്ടികൾക്കുള്ള ബലൂൺ ഷോയും, കസേരകളിയും നടന്നു. ബസ്റ്റ് കപ്പിൾ

മൽസരത്തിൽ ഒന്നാം സ്ഥാനം തോമസ്സ് തോമസ്സ് അറയ്ക്കത്തറയും രണ്ടാം സ്ഥാനം കെ.ജെ.തോമസ്സും കുടുംബവും കരസ്ഥമാക്കി. ടെലിവിഷൻ ആർട്ടിസ്റ്റായ സെന്തിൽന്റെ വ്യത്യസ്തമായ ഡാൻസ് പ്രോഗ്രാം നടന്നു. കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. പങ്കെടുത്ത എല്ലാ കുട്ടികൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. ആഷോ ഫുട്‌വെയേഴ്സും പ്രത്യേക സമ്മാനങ്ങൾ നൽകി. ട്രഷറാർ ശ്രീ. ജെയിംസ് ഇമ്മാനുവേൽ കൃതജ്ഞത പറഞ്ഞു. തുടർന്ന് ഓണസദ്യയും ഉണ്ടായിരുന്നു.

## സൂപ്പർവൈസറി ട്രെയിനിംഗ് സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ 2 ഘട്ടമായി നടത്തി

അസോസിയേഷൻ ഇദംപ്രദമായി സംഘടിപ്പിച്ച സൂപ്പർവൈസറി സ്കിൽ ട്രെയിനിംഗിൽ പങ്കെടുത്ത അംഗങ്ങളുടെ പ്രതിനിധികൾക്കായി 100 ഓളം മെമ്പേഴ്സിന്റെ വ്യവസായ സ്ഥാപനങ്ങളിൽനിന്നുള്ള ജീവനക്കാർ പങ്കെടുത്തു. അത് ഒരു മികച്ച അനുഭവമായിരുന്നു. ജില്ലാ പ്രസിഡന്റ് ഡോ. റ്റി. ജോസഫ് അദ്ധ്യക്ഷത വഹിച്ച സമ്മേളനം സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. ജോർജ്ജ് തോമസ് ഉദ്ഘാടനം ചെയ്തു. രണ്ടുമണിക്ക് ആരംഭിച്ച പരിശീലനപരിപാടിക്ക് ജൂണിയർ ചേമ്പർ അന്തർദേശീയ പരിശീലകൻ ചെറിയാൻ വർഗ്ഗീസ് നേതൃത്വം നൽകി.

## എക്സ്പോർട്ട് സെമിനാർ

അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായികളെ എത്തിക്കുവാൻ വേണ്ടി ഗവൺമെന്റ് പല രീതിയിൽ ശ്രമിക്കുകയും നിരവധി ആനുകൂല്യങ്ങൾ കൊടുക്കുന്നുമുണ്ട്. എങ്കിലും കേരളത്തിലെ ചെറുകിടവ്യവസായികളിൽ വളരെ ക്കുറച്ചു ശതമാനം മാത്രമാണ് ഈ അവസരങ്ങൾ വിനിയോഗിക്കുന്നത്. ഇതിനു പ്രധാന കാരണം എക്സ്പോർട്ട് പ്രോമോഷനുവേണ്ടി ഗവൺമെന്റ് നൽകുന്ന ആനുകൂല്യങ്ങളെക്കുറിച്ചും. Export Rules & Regulations നെക്കുറിച്ചും അന്താരാഷ്ട്ര വിപണിയുടെ സാധ്യതകളെക്കുറിച്ചും ഉള്ള അജ്ഞത മൂല്യമാണെന്ന് അസോസിയേഷൻ വിലയിരുത്തുന്നു. കഴിയുന്നത്ര ചെറുകിട വ്യവസായികൾക്ക് അന്താരാഷ്ട്ര വിപണിയെക്കുറിച്ചും അതിന്റെ സാധ്യതകളെക്കുറിച്ചും ബോധവാന്മാരാക്കുക എന്ന ലക്ഷ്യത്തോടെയാണ് 28.10.2010ൽ കോട്ടയം Windsor Castleൽ വച്ചു നടന്ന Federation of Indian Export Organisation ന്റെയും Export Credit Guarantee Corporationന്റെയും State Bank of Travancore ന്റെയും പ്രതിനിധികളെവച്ച് KSSIA മുൻകൈ എടുത്ത് സെമിനാർ സംഘടിപ്പിച്ചത്. അറുപതോളം യൂണിറ്റുകൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. ശ്രീ. വി.എൻ. വാസവൻ എം.എൽ.എ ഉൽഘാടനം ചെയ്തു. യോഗത്തിനു ശേഷം FIEO സ്പോൺസർ ചെയ്ത ഡിന്നറും ഉണ്ടായിരുന്നു.

## കേരളാ റബ്ബർ & മോൾഡ്സ് മാറ്റ് മാനുഫാക്ചേഴ്സ് അസോസിയേഷന്റെ 3-ാമതു വാർഷിക പൊതുയോഗം

കേരളാ റബ്ബർ & മോൾഡ്സ് മാറ്റ് മാനുഫാക്ചേഴ്സ് അസോസിയേഷന്റെ 3-ാമതു വാർഷിക പൊതുയോഗം 2010 നവംബർ 18-ാം തീയതി കോട്ടയം കെ.എസ്.എസ്.ഐ.എ ഹാളിൽ വച്ച് പ്രസിഡന്റ് ശ്രീ തോമസ്സ് തോമസ്സ് അറയ്ക്കത്തറയുടെ അദ്ധ്യക്ഷതയിൽ കൂടി. റബ്ബറിന്റെയും മറ്റ് അസംസ്കൃത വസ്തുക്കളുടെയും ക്രമാതീതമായ വിലവർദ്ധനവ് ഈ വ്യവസായത്തെ വളരെ പ്രതികൂലമായി സാധിച്ചിരിക്കുകയാണെന്ന് യോഗം വിലയിരുത്തി. 2011 ജനുവരി 1-ാം തീയതി മുതൽ ഉല്പന്നങ്ങളുടെ വില 20% വർദ്ധിപ്പിക്കുന്നതിന് യോഗം തീരുമാനിച്ചു. പുതിയ വർഷത്തെ ഭാരവാഹികളായി താഴെ പറയുന്നവരെ തെരഞ്ഞെടുത്തു.

| | |
|---|---|
| പ്രസിഡന്റ് | - ശ്രീ. തോമസ്സ് തോമസ് അറയ്ക്കത്തറ |
| സെക്രട്ടറി | - ശ്രീ. ജോൺസൺ തോമസ് (ജോഷ് റബ്ബേഴ്സ്, പൂവൻതുരത്ത്) |
| ട്രഷർ | - ശ്രീ. തോമസ് ജോൺ (കൺസോളിഡേറ്റ് വുഡ് ഇൻഡസ്ട്രീസ്) |
| വൈസ് പ്രസിഡന്റ് | - ശ്രീ. കെ.ജെ. സ്കറിയ (സോഫയിൻ ഡക്കോർ) |
| ജോയിന്റ് സെക്രട്ടറി | - ശ്രീ. പ്രവീൺ സഖറിയ (പ്രൊവിഡൻസ് റബ്ബേഴ്സ്) |

പ്രസ്തുതയോഗത്തിൽ അസോസിയേഷന്റെ ഭാരവാഹികളും പങ്കെടുത്തു.

## കുടുംബസംഗമം-2011

അസോസിയേഷൻ ജില്ലാ കമ്മറ്റി അംഗങ്ങൾ ജനറൽ കൗൺസിൽ അംഗങ്ങൾ പ്രത്യേക ക്ഷണിതാക്കൾ എന്നിവർ കുടുംബാംഗങ്ങളോടൊപ്പം 2011 ജനുവരി മാസം 1-ാം തീയതി കഞ്ഞിക്കുഴി ഗോകുലം ടവറിൽ ഒത്തുകൂടി ക്രിസ്മസ്സും പുതുവൽസരത്തേയും വരവേറ്റു. ജില്ലാ പ്രസിഡന്റ് ശ്രീ. ഡോ. റ്റി.സി. ജോസഫ്, സെൻട്രൽ സോൺ വൈസ് പ്രസിഡന്റ് ഡോ. ജോർജ് പി. തോമസ് എന്നിവർ അതിഥേയർ ആയിരുന്നു. കുട്ടികൾക്കും മുതിർന്നവർക്കുമായി വിവിധ വിനോദപരിപാടികൾ സെന്റ് മേരീസ് ഹെയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ ശ്രീ. സോജി ഏബ്രഹാമിന്റെ നേതൃത്തിൽ നടന്നു. വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. സന്തോഷത്തിന്റെ സൗഹൃദത്തിന്റെ 3-4 മണിക്കൂറുകൾ ഏവരും ആസ്വദിച്ചു. ടി.ജെ.പി., ഡോൾഫിൻ ഗ്രൂപ്പുകൾ സ്പോൺസർ ചെയ്ത ഡിന്നറോടുകൂടി പരിപാടികൾ അവസാനിച്ചു.

## സ്വീകരണം നൽകി

അസോസിയേഷൻ ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ 2010 ഡിസംബർ 15-ാം തീയതി മുനിസിപ്പൽ ചെയർമാൻ ശ്രീ. സണ്ണി കല്ലൂർ വാർഡ് കൗൺസിലർ അഡ്വ. എൻ.എസ്. ഹരിശ്ചന്ദ്രൻ, അസോസിയേഷൻ അംഗവും ഏറ്റുമാനൂർ പഞ്ചായത്ത് അംഗവുമായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. പി.ഡി. ജോർജ്ജ് എന്നിവർക്ക് ജില്ലാ കമ്മറ്റി യോഗത്തിൽവച്ച് സ്വീകരണം നൽകി. യോഗത്തിൽ ജില്ലാ പ്രസിഡന്റ് ഡോ. റ്റി.സി. ജോസഫ് അതിഥികളെ യോഗത്തിലേക്ക് സ്വാഗതം ചെയ്യുകയും, കോടിമത വ്യവസായ എസ്റ്റേറ്റിലെ വഴികളുടെ ശോചനീയാവസ്ഥ മുനിസിപ്പൽ ചെയർമാനേയും കൗൺസിലറേയും ധരിപ്പിച്ചു. അസ്സോസിയേഷനുമായി പ്രവർത്തിച്ച് റോഡ് കഴിവതും വേഗം നന്നാക്കുന്നതിന് നടപടികൾ ആരംഭിക്കണമെന്ന് ചെയർമാനും കൗൺസിലറും മറുപടി പ്രസംഗത്തിൽ അറിയിച്ചു. ശ്രീ. പി.ഡി. ജോർജ്ജും സ്വീകരണത്തിന് നന്ദി അറിയിച്ചു. വൈസ് പ്രസിഡന്റ് ഏബ്രഹാം കുര്യാക്കോസ് ആശംസകൾ അറിയിച്ചു. ട്രഷറർ ശ്രീ. ജെയിംസ് ഇമ്മാനുവേൽ വിശിഷ്ടാതിഥികൾക്ക് കൃതജ്ഞത അറിയിച്ചു.

## ഇൻവെസ്റ്റേഴ്സ് മീറ്റ്

മുത്തൂറ്റ് സെക്യൂരിറ്റീസ് ലിമിറ്റഡിന്റെയും കെ.എസ്.എസ്.ഐ.എ. കോട്ടയത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ 2010 ജനുവരി 26ന് കെ.എസ്.എസ്.ഐ.എ ആഡിറ്റോറിയത്തിൽ വെച്ച് ഇൻവെസ്റ്റേഴ്സ് മീറ്റ് നടന്നു. പ്രസ്തുതയോഗത്തിൽ മുത്തൂറ്റ് സെക്യൂരിറ്റീസ് കോട്ടയം റീജണൽ മാനേജർ ശ്രീ. വേണു സ്വാഗതം ആശംസിക്കുകയും, കെ.എസ്.എസ്.ഐ.എ. പ്രസിഡന്റ് ഡോ. റ്റി.സി. ജോസഫ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും ചെയ്തു. കമ്പനിയുടെ വൈസ് പ്രസിഡന്റ് ശ്രീ. പ്രദീപ് ചന്ദ്രശേഖർ ഓഹരി വിപണിയിലെ നിക്ഷേപ സാദ്ധ്യതകളെക്കുറിച്ചും, നേട്ടങ്ങളെക്കുറിച്ചും പറഞ്ഞ് മനസ്സിലാക്കുകയും, അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി പറയുകയും ചെയ്തു. ഡീമാറ്റ് അക്കൗണ്ടിനെയും, അനുബന്ധ ഘടകങ്ങളെക്കുറിച്ചുള്ള സി.ഡി.സി.ഐ. ബിസിനസ്സ് ഡെവലപ്മെന്റ് മാനേജർ ശ്രീ. ഷിബുനാഥിന്റെ ക്ലാസ് അംഗങ്ങൾക്ക് പ്രയോജനകരമായി. മുത്തൂറ്റ് സെക്യൂരിറ്റീസ് വൈസ് പ്രസിഡന്റ് ശ്രീ. സമ്മർജീത്ത്, കമ്മോഡിറ്റീസ് ഹെഡ് റോബി, ഏരിയാ മാനേജർ സുരേഷ് തുടങ്ങിയവരുടെ സാന്നിദ്ധ്യം മീറ്റിംഗിലുണ്ടായിരുന്നു. കെ.എസ്.എസ്.ഐ.എ വൈസ് പ്രസിഡന്റ് ശ്രീ.ഏബ്രഹാം കുര്യാക്കോസ് കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു. യോഗാനന്തരം മുത്തൂറ്റ് സ്പോൺസർ ചെയ്ത ഡിന്നറും ഉണ്ടായിരുന്നു.

## അനുശോചനം

മനോരമ ചീഫ് എഡിറ്റർ ശ്രീ. കെ.എം. മാത്യു മുൻ സെക്രട്ടറി ശ്രീ. ജോൺ പി.ജോൺ, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.പി. സുഗണൻ അസോസിയേഷൻ തൃശ്ശൂർ ജില്ലാ പ്രസിഡന്റ് ശ്രീ. കെ.വി. ബാലകൃഷ്ണൻ അംഗങ്ങളായ ശ്രീ. സാബു ജേക്കബ്, ശ്രീ. എസ്. ശശികുമാർ, ശ്രീ. പോൾ തെങ്ങും പള്ളിൽ, അസോസിയേഷൻ അംഗങ്ങളായിട്ടുള്ളവരുടെ ബന്ധുക്കളുടെയും ദേഹവിയോഗത്തിൽ അസോസിയേഷൻ അനുശോചനം രേഖപ്പെടുത്തുകയും ബന്ധുക്കളെ സന്ദർശിച്ച് അനുശോചനം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

## സോഷ്യൽ സെക്യൂരിറ്റി ഫണ്ട്

അസോസിയേഷൻ അംഗങ്ങളുടെ ക്ഷേമത്തിനായി രൂപികരിച്ച പദ്ധതിയാണ് സോഷ്യൽ സെക്യൂരിറ്റി ഫണ്ട്. സംസ്ഥാന അസോസിയേഷന്റേ നേരിട്ടുള്ള നിയന്ത്രണത്തിലാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്. ഇതിൽ അംഗമാകുന്നതിന് 10500/- രൂപയാണ് അടയ്ക്കേണ്ടത്.

മേഡിക്കൽ ഇൻഷുറൻസ് മരണാനന്തര ബെനിഫിറ്റ് എന്നിവ പദ്ധതിയുടെ പ്രത്യേകതയാണ്. ഈ പദ്ധതിയിൽ നമ്മുടെ അംഗമായിരുന്ന നിര്യാതനായ ശ്രീ. എം.റ്റി.തോമസിന്റെ കുടുംബത്തിന് ആറ് ലക്ഷം രൂപ ലഭിച്ചു. ഇൻഡക്സ് സമാപന ചടങ്ങിൽ പ്രതിപക്ഷനേതാവ് ഉമ്മൻചാണ്ടി തുക കുടുംബാംഗങ്ങൾക്ക് നൽകി. 2009 വർഷത്തെ ബഡ്ജറ്റിൽ ഇതിനായി ഗവ. ഒരു കോടി രൂപ നൽകിയിട്ടുണ്ട്. 2010-ൽ 50 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ അംഗമാകാത്ത യൂണിറ്റുകൾ എത്രയുംവേഗം അംഗമാകുന്നതിന് ശ്രമിക്കണം. അപേക്ഷാ ഫാറത്തിന് അസോസിയേഷൻ ഓഫീസുമായോ സംസ്ഥാന കമ്മറ്റി ഓഫീസുമായോ ബന്ധപ്പെടണം. ഫോൺ 0481 – 2567570, 0484– 2532120

ഈ വർഷം സോഷ്യൽ സെക്യൂരിറ്റി ഫണ്ടിന്റെ മെഡിക്ലയിം ഇനത്തിൽ സെന്റ് ജോസഫ് ഫുഡ് ഇൻഡസ്ട്രീസ് ഉടമ ശ്രീമതി ലിസി മാത്യു പൈനിയർ സ്റ്റീൽസ് ഉടമ ശ്രീ. മനോജ് എന്നിവർക്ക് 1,90,000 ലക്ഷം രൂപവീതം ലഭിച്ചിട്ടുണ്ട്. നിര്യാതനായ ശ്രീ. ശശികുമാർ (ഹൈടെക് കംബോണൻസ് ഇൻഡസ്ട്രീയൽ എസ്റ്റേറ്റ്, ഏറ്റുമാനൂർ) ന്റെ കുടുംബാംഗങ്ങൾക്ക് 10 ലക്ഷം രൂപയും നൽകി.

## ക്വാളിറ്റി മാനേജ്മെന്റ് സ്റ്റഡീസ് ബോധവൽക്കരണ പരിപാടി നത്തി

ഫെഡറേഷൻ ഓഫ് ഇൻഡ്യൻ സ്മോൾ ആൻഡ് മീഡിയം എന്റർപ്രൈസിസ് ഡൽഹിയും കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ കോട്ടയം ജില്ലാ യൂണിറ്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ (18-2-2011) കോടിമത ചെറുകിട വ്യവസായ അസോസിയേഷൻ ഹാളിൽ ക്വാളിറ്റി മാനേജ്മെന്റ് സ്റ്റാൻഡേർഡ് ബോധവൽക്കരണ പരിപാടി നടന്നു. ശ്രീ.വി.എൻ. വാസവൻ എം.എൽ.എ പരിപാടി ഉത്ഘാടനം ചെയ്തു. തദവസരത്തിൽ ഇൻഡക്സ് 2011 വ്യവസായ വാണിജ്യ പ്രദർശനത്തിന്റെ ബ്രോഷർ ശ്രീ. വി.എൻ. വാസവൻ എം.എൽ.എ പ്രകാശനം ചെയ്തു. അസോസിയേഷന്റെ ജില്ലാ പ്രസിഡന്റ് ഡോ. റ്റി.സി. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ശ്രീ. വി.എൻ. ശാസ്ത്രി, ശ്രീ.ചിന്നൻ.റ്റി.പൈനാഡത്ത്, ഡേ.പി. മുരളീധരൻ നായർ, ശ്രീ. അനൂപ്, ശ്രീ. റ്റിറ്റൻ തോമസ് എന്നിവർ 5s, Kaizen, ISO Standards, Rubber Products Quality, Product Diversification എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ എടുത്തു. സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. ജോർജ് പി. തോമസ് ജില്ലാ വൈസ് പ്രസിഡന്റ് ഏബ്രഹാം കുര്യാക്കോസ്, സെക്രട്ടറി കെ. ദിലീപ് കുമാർ ട്രഷറർ ശ്രീ. ജെയിംസ് ഇമ്മാനുവൽ എന്നിവർ പ്രസംഗിച്ചു.

## യാത്രയയപ്പ് നൽകി

സർവീസിൽ നിന്നും വിരമിക്കുന്ന പൊല്യൂഷൻ കൺട്രോൾ ബോർഡ് എൻവയൺമെന്റ് എൻജിനിയർ (കോട്ടയം) ശ്രീ.റ്റി.എം. അബ്ദുൾ കലാമിന് അസോസിയേഷന്റെയും ക്രഷർ ഓണേഴ്സ് അസോസിയേഷന്റെയും സംയുക്താഭിമുഖ്യത്തിൽ യാത്രയയപ്പ് നൽകി. അസോസിയേഷൻ ജില്ലാ പ്രസിഡന്റ് ഡോ.റ്റി.സി. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. Cruser Owners Association Secretary Sr. K.J. Joseph മുഖ്യതിഥിയെ യോഗത്തിന് പരിചയപ്പെടുത്തി. Dr. George P. Thomas, Vice President, Central Zone, KSSIA, Sri.V.C. Joseph Vazhathara, President, Crusher Owners Association Sri.Abraham Kuriakose, Vice President, KSSIA, Kottayam, Prof.Thomas Jose Vattamala, Vice President, Crusher Owners Association, Sri.K. Dilipkumar, Secretary, KSSIA, Kottayam. എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. അസോസിയേഷന്റെ വകയായ ഉപഹാരം പ്രസഡന്റ്, എൻഞ്ചിനീയർ. റ്റി.എം. അബ്ദുൾ കലാമിന് നൽകി. ട്രഷറർ ശ്രീ. ജെയിംസ് ഇമ്മാനുവൽ കൃതഞ്ഞത പറഞ്ഞു. ക്രഷർ ഓണേഴ്സ് അസോസിയേഷൻ സ്പോൺസർ ചെയ്ത ഡിന്നറും ഉണ്ടായിരുന്നു.

## എസ്.ബി.റ്റി. പൂവൻതുരത്ത് ബ്രാഞ്ച്

കോട്ടയം സന്ദർശിച്ച എസ്.ബി.റ്റി. മാനേജിംഗ് ഡയറക്ടറുമായി ജില്ലാ ഭാരവാഹികൾ പ്രത്യേകം ചർച്ച നടത്തി. ബാങ്കിംഗ് രംഗത്ത് ചെറുകിട വ്യവസായ യൂണിറ്റുകൾ നേരിടുന്ന വിവിധ പ്രയാസങ്ങൾ ചർച്ചയിൽ അവതരിപ്പിച്ചു. പൂവൻതുരത്ത് വ്യവസായ മേഖലയിൽ എസ്.ബി.റ്റി.യുടെ ഒരു പുതിയ ബ്രാഞ്ച് അനുവദിക്കണമെന്നും തദവസരത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

*തുടർച്ച (പേജ് 13)*

തുടർച്ച (പേജ് 8)

## ഇൻഡസ്ട്രിയൽ മോട്ടിവേഷൻ ക്യാമ്പെയ്ൻ

നവംബർ മാസം ചങ്ങനാശ്ശേരി എൻ.എസ്.എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന ഇൻഡസ്ട്രീയൽ മോട്ടിവേഷൻ ക്യാമ്പെയ്ൻ പ്രോഗാമിൽ ജില്ലാ പ്രസിഡന്റ് സംബന്ധിക്കുകയും അസോസിയേഷന്റെ സഹകരണം നൽകുകയും ചെയ്തു.

## കണ്ടെയ്നർ ഫ്ളാഗ് ഓഫ് ചെയ്തു

വല്ലാർപാടത്തേക്ക് പുതിയ ഇൻന്റർനാഷണൽ കണ്ടെയ്നറിലേക്ക് കോട്ടയത്തുനിന്നും ഉള്ള ആദ്യ കണ്ടെയ്നർ (റ്റി.ജെ.പി. ഗ്രൂപ്പ്, പൂവൻതുരത്ത്) ജില്ലാ പ്രസിഡന്റ് ഫ്ളാഗ് ഓഫ് ചെയ്തു.

## വ്യവസായനാദം

എല്ലാ അംഗങ്ങൾക്കും സ്വീകാര്യമായ രീതിയിലും അംഗങ്ങളുടെ അറിവിലേക്ക് കൂടുതൽ കാര്യങ്ങൾ എത്തിക്കുന്നതിലും വ്യവസായനാദത്തിന്റെ എഡിറ്റോറിയൽ ബോർഡ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. കൂടുതൽ വാർത്തകൾ ഈ മാസികവഴി പ്രസിദ്ധീകരിക്കുവാൻ പരിശ്രമിക്കുന്നുമുണ്ട്. അസോസിയേഷന് സാമ്പത്തിക ബാധ്യത കുറച്ച് പരസ്യം കണ്ടെത്തി ഈ മാസിക പ്രസിദ്ധീകരിക്കുന്നതിന് ഭരണസമിതി പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ലേഖനങ്ങളും പരസ്യങ്ങളും തന്ന് സഹകരിച്ച എല്ലാ അംഗങ്ങളോടും, മറ്റ് സ്ഥാപനങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു.

## അന്യസംസ്ഥാന തൊഴിലാളി പ്രശ്നം

നമ്മുടെ ജില്ലയിലെ പല യൂണിറ്റുകളും പ്രവൃത്തിക്കുന്നത് മറ്റു സംസ്ഥാനങ്ങളിൽനിന്നുള്ള തൊഴിലാളികളെ കൊണ്ടാണ്. എന്നാൽ അടുത്തിടെ ഈ തൊഴിലാളികളിൽ ചിലർ നടത്തിയ കുറ്റകൃത്യങ്ങൾ മൂലം ഇത്തരം തൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥാപനങ്ങൾ പ്രയാസങ്ങൾ നേരിടുന്നു. ഇത്തരം തൊഴിലാളികളുടെ ഐഡൻന്റിറ്റിയെ സംബന്ധിച്ച വിവരങ്ങൾ തൊഴിലുടമകൾ പോലീസിന് കൈമാറണമെന്നകാര്യവും പോലീസ് വെരിഫിക്കേഷനും വളരെ ദുഷ്ക്കരമായി വന്നതിനാൽ ഈ വിഷയം ജില്ലയിലെ പോലീസ് ഉന്നതാധികാരികളുമായി ചർച്ച ചെയ്യുകയും, പ്രയാസങ്ങൾ പരമാവധി ലഘൂകരിക്കുന്നതിന് അധികാരികളുടെ ഭാഗത്തുനിന്ന് നടപടികൾ ഉണ്ടാകുകയും ചെയ്തു.

## എൻ.എസ്.ഐ.സി. കോട്ടയം സബ് ഓഫീസ്

നാഷണൽ സ്മോൾ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കോട്ടയം സബ് ഓഫീസ് നന്നായി പ്രവൃത്തിക്കുന്നു. അസോസിയേഷൻ അംഗങ്ങളായവർ ഉൾപ്പെടെയുള്ള പല എസ്.എം.ഇ യൂണിറ്റികളും പദ്ധതിയിൽ പ്രയോജനപ്പെടുത്തുന്നു. കൊച്ചി ബ്രാഞ്ച് മാനേജർ ശ്രീ. ജെ.വി.ആർ.കെ. ശർമ്മ, സോണൽ മാനേജർ വി. അറുമുഖം, മുൻ മാനേജർ ശ്രീ. കെ.വി. കുമാർ, ഇപ്പോഴത്തെ മാനേജർ ശ്രീ. ജിയോ ജോൺ എന്നിവയുടെ സേവനം പ്രത്യേകം എടുത്തുപറയുന്നു. ഇൻഡക്സ് എക്സിബിഷൻ ഉൾപ്പെടെ അസോസിയേഷന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ഇവരുടെ സഹായം ലഭിച്ചിട്ടുണ്ട്.

## കൃതജ്ഞത

വ്യവസായ സംബന്ധമായ കാര്യങ്ങൾ ചർച്ച ചെയ്യുവാനും, ആവശ്യമായ തീരുമാനങ്ങൾ എടുക്കുവാനും ചർച്ചായോഗങ്ങൾ സംഘടിപ്പിക്കുവാനും മറ്റുമായി ശുഷ്കാന്തി കാണിച്ച ബഹു. മുൻ മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്യുതാനന്ദൻ, മുൻ വ്യവസായ മന്ത്രി ശ്രീ. എളമരം കരീം, മന്ത്രിസഭാംഗങ്ങൾ, അസോസിയേഷന്റെ എല്ലാ പ്രവർത്തനങ്ങളിലും വേണ്ട നിർദ്ദേശങ്ങളും സഹായസഹകരണങ്ങളും നൽകി വരുന്ന കോട്ടയം ജില്ലയിലെ എം.പി.മാർ, മുൻ എം.എൽ.എ., ശ്രീ. വി.എൻ. വാസവൻ മറ്റ് എം.എൽ.എ.മാർ, മറ്റ് രാഷ്ട്രീയ നേതാക്കൾ, സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവരോടുള്ള നിസ്സീമമായ നന്ദിയും കൃതജ്ഞതയും രേഖപ്പെടുത്തിക്കൊള്ളുന്നു.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. റ്റി. ബാലകൃഷ്ണൻ ഐ.എ.എസ്., വ്യവസായ ഡയറക്ടർ ശ്രീ. റ്റി.ഒ. സൂരജ് ഐ.എ.എസ്., വ്യവസായ ഡയറക്ടറേറ്റിലെ മറ്റ് ഉദ്യോഗസ്ഥന്മാർ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. റ്റി.എ. കുഞ്ഞുമുഹമ്മദ്, മാനേജർമാർ, താലൂക്ക് വ്യവസായ ഓഫീസർമാർ, ബ്ലോക്ക് തല ഉദ്യോഗസ്ഥർ, ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഉദ്യോഗസ്ഥന്മാർ എന്നിവരോടുള്ള നന്ദിയും, കൃതജ്ഞതയും ഈ അവസരത്തിൽ അറിയിക്കുന്നു.

അസോസിയേഷന്റെ എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാവിധ സഹായസഹകരണങ്ങളും നൽകി വരുന്ന ജില്ലാ കളക്ടർ, കളക്ട്രേറ്റിലെ മറ്റ് ഉദ്യോഗസ്ഥർ, വൈദ്യുതി ബോർഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ജില്ലയിലെ കെ.എസ്.ഇ.ബി.യുടെ മറ്റ് ഉദ്യോഗസ്ഥർ, സെൻട്രൽ എക്സൈസ് ഉദ്യോഗസ്ഥർ, ഡി.എഫ്.ഒ. ഉദ്യോഗസ്ഥർ, വാണിജ്യ നികുതി ഡപ്യൂട്ടി കമ്മീഷണർ മറ്റ് ഉദ്യോഗസ്ഥർ എന്നിവരോടുള്ള കൃതജ്ഞത ഈ അവസരത്തിൽ പ്രകാശിപ്പിക്കുന്നു.

അസോസിയേഷൻ കണക്കുകൾ ആഡിറ്റ് ചെയ്ത ശ്രീ. എം.കെ. കുരുവിള ചാർട്ടേഡ് അക്കൗണ്ടന്റ്, ലീഗൽ അഡ്വൈസർ അഡ്വ. കെ.ജെ. ഫിലിപ്പോസ് എസ്.ഐ.ഡി.ബി.ഐ. ഡപ്യൂട്ടി ജനറൽ മാനേജർ, മറ്റ് ഉദ്യോഗസ്ഥർ, ജില്ലാ ലേബർ ആഫീസർ, മറ്റ് ലേബർ ഉദ്യോഗസ്ഥർ, വിവിധ ട്രേഡ് യൂണിയൻ ഭാരവാഹികൾ എന്നിവരോടുള്ള കൃതജ്ഞതയും ഈ അവസരത്തിൽ അറിയിക്കുന്നു. ഇൻഡക്സ് – 2010 ന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും കൃതജ്ഞത അറിയിക്കുന്നു.

കോട്ടയം ജില്ലാ ഘടകത്തിന്റെ നിർദ്ദേശങ്ങൾ പൂർണമായി പരിഗണിക്കുകയും സംസ്ഥാനതലത്തിലും ഗവൺമെന്റിന്റെ ശ്രദ്ധയിലും അവതരിപ്പിക്കുവാൻ സഹായിച്ച സംസ്ഥാന പ്രസിഡന്റ് ശ്രീ. വി.കെ.സി. മുഹമ്മദ് കോയ, സെക്രട്ടറി ശ്രീ. ദാമോദർ അവന്നൂർ, സംസ്ഥാന ട്രഷറാർ, സെൻട്രൽ സോൺ വൈസ് പ്രസിഡന്റ് ഡോ. ജോർജ് പി. തോമസ്, മറ്റ് ഭാരവാഹികൾ, എസ്.ബി.റ്റി. ഡെപ്യൂട്ടി ജനറൽ മാനേജർ മറ്റ് എ.ജി.എം.മാർ, ചീഫ് മാനേജർമാർ, ലീഡ് ബാങ്ക് മാനേജർ, എസ്.എസ്.ഐ. ബ്രാഞ്ച് മാനേജർ, കെ.എഫ്.സി. മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അസിസ്റ്റന്റ് ജനറൽ മാനേജർ, മറ്റ് പ്രമുഖ ധനകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, NSIC കൊച്ചി, MSME-DI തൃശ്ശൂർ, ഡയറക്ടർ, മറ്റു അസി.ഡയറക്ടർമാർ, സ്റ്റാഫ്, മറ്റ് സംഘടനാഭാരവാഹികൾ, കോട്ടയത്തെ എല്ലാ മാധ്യമസ്ഥാപനങ്ങൾ, മാധ്യമ പ്രവർത്തകർ എന്നിവരോടും ഞങ്ങൾക്ക് ശക്തമായ നേതൃത്വം നൽകുകയും, പ്രശ്നങ്ങളെപ്പറ്റി ഗൗരവമായി പഠിച്ച് അവതരിപ്പിക്കുകയും, അതുവഴി അസോസിയേഷന്റെ ശബ്ദം എവിടെയും മുഴങ്ങിക്കേൾക്കാൻ സഹായിക്കുകയും ചെയ്ത മറ്റു സംസ്ഥാന, ജില്ലാതല ഭാരവാഹികളോടുമുള്ള കൃതജ്ഞത അറിയിക്കുന്നു.

എല്ലാത്തിനും ഉപരിയായി എല്ലാ പ്രവർത്തനങ്ങളും വിജയപ്രദമാക്കുവാൻ ജില്ലയെ നയിച്ച ജില്ലാ പ്രസിഡന്റ്, മറ്റ് ജില്ലാ ഭാരവാഹികൾ, കമ്മറ്റിയംഗങ്ങൾ, അസോസിയേഷൻ അംഗങ്ങളായിട്ടുള്ള യൂണിറ്റ് ഉടമകൾ, അസോസിയേഷൻ ഓഫീസ് ജീവനക്കാർ, ഇൻഡക്സ് – 2010 എക്സിബിഷൻ ജോലികളിൽ സഹായിച്ചവർ കൂടാതെ എല്ലാ വാർഷിക പൊതുയോഗങ്ങളും സജീവപങ്കാളിത്തമുള്ള അംഗങ്ങൾ എന്നിവർക്കും ഈ അവസരത്തിൽ പ്രത്യേകമായി നന്ദി രേഖപ്പെടുത്തുന്നു.

കൂടുതൽ അംഗങ്ങളെ ചേർത്തുകൊണ്ട് ചെറുകിട വ്യവസായ മേഖലയുടെ ഒട്ടാകെയുള്ള പുരോഗതിക്ക് കൂടുതൽ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കും. അതുകൊണ്ട് അംഗസംഖ്യ കൂട്ടുന്നതിന് നിങ്ങളോരോരുത്തരുടേയും ആത്മാർത്ഥമായ സഹകരണം ഒരിക്കൽകൂടി അഭ്യർത്ഥിക്കുകയാണ്.

നമ്മുടെ പല പ്രശ്നങ്ങളും പരിഹരിക്കുവാൻ അസോസിയേഷന് കഴിഞ്ഞിട്ടുണ്ട്. പല കാര്യങ്ങളും നേടിയെടുക്കുവാനുമുണ്ട്. അതിന് അംഗത്വബലമാണ് മുഖ്യഘടകം. കൂടാതെ സോഷ്യൽ സെക്യൂരിറ്റി ഫണ്ടിലും എല്ലാവരും അംഗത്വം എടുക്കണം.

തുടർന്നും നിങ്ങളേവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് നിങ്ങളുടെ അംഗീകാരത്തിനായി ഞാൻ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

എന്ന്, ജില്ലാ കമ്മറ്റിക്കുവേണ്ടി

*കോട്ടയം*
*10-7-2011*

**കെ. ദിലീപ് കുമാർ**
(സെക്രട്ടറി)

## അഭിനന്ദനങ്ങൾ



**ശ്രീ. റ്റി.ഐ കുര്യൻ**

*എനർജി കൺസർവേഷൻ സൊസൈറ്റി കോട്ടയം ചാപ്റ്റർ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ജനറൽ കൗൺസിൽ അംഗം ശ്രീ. റ്റി.ഐ കുര്യൻ.*



**ശ്രീ. ഗ്ലാഡ്സൺ ജേക്കബ്**

*YMCA കളത്തിപ്പടിയുടെ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ജനറൽ കൗൺസിൽ അംഗം ശ്രീ. ഗ്ലാഡ്സൺ ജേക്കബ്*

## സോഷ്യൽ സെക്യൂരിറ്റി ഫണ്ട് മുഖ്യമന്ത്രി വിതരണം ചെയ്തു

KSSIA സോഷ്യൽ സെക്യൂരിറ്റി ഫണ്ടിലെ അംഗമായ അന്തരിച്ച ഹൈടെക് കംമ്പോണൻസ് ഉടമ (ഏറ്റുമാനൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്) സി.ശശികുമാറിന്റെ കുടുംബാംഗങ്ങൾക്ക് ഫണ്ടിലെ സഹായധമായ 10 ലക്ഷം രൂപയുടെ ചെക്ക് മകൻ ശമ്പു ശശികുമാർ തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽവെച്ച് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയിൽ നിന്നും ഏറ്റുവാങ്ങി.

## സോഷ്യൽ സെക്യൂരിറ്റി പദ്ധതിയിൽ അംഗമാകൂ.... സുരക്ഷിതത്വം ഉറപ്പാക്കൂ...

## ബഡ്ജറ്റ് – 2011 : ഫ്ളാഷ്



- Policy to attract globel Investment-globel Investment summit
- Make Kerala Investment friendly.
- Emerging Kerala Brand.
- Major Programme for infrastructure development.
- Coimbatore-Kochi Freight corridor
- Implementation of MSME Act 2006.
- Creating Employment oppertunities for 50,000 educated people under MSME Entrepreneurial Mission.

## ഫാക്ടറി ആൻഡ് ബോയിലേഴ്സ് അദാലത്ത് പരാതികൾ 17 നകം സമർപ്പിക്കണം

**ഫാ**ക്ടറി ആൻഡ് ബോയിലേഴ്സ് വകുപ്പുമായി ബന്ധപ്പെട്ട് പരിഹരിക്കാൻ സാധിക്കാതെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കോട്ടയം ജില്ലയുൾപ്പെടുന്ന മേഖലയുടെ അദാലത്ത് 19-ാം തീയതി കൊല്ലത്ത് നടക്കുന്നു. ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഫാക്റി ആൻഡ് ബോയിലേഴ്സ് വകുപ്പുമായി ബന്ധപ്പെട്ട് പരിഹരിക്കാൻ സാധിക്കാനുള്ള പ്രശ്നങ്ങൾ 17 നകം ചെറുകിട വ്യവസായ അസോസിയേഷന്റെ കോട്ടയം ജില്ലാ ഓഫീസിൽ ഏൽപ്പിക്കണമെന്ന് ഭാരവാഹികൾ അറിയിച്ചു. ■

## വിദ്യാഭ്യാസ അവർഡിന് അപേക്ഷ ക്ഷണിക്കുന്നു

അസോസിയേഷൻ അംഗങ്ങളുടെ മക്കളുടെ SSLC, +2 SBSE, ICSE പാസായവർക്കുള്ള (2011) വിദ്യാഭ്യാസ അവാർഡിന് അപേക്ഷ ക്ഷണിക്കുന്നു. മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി സഹിതം ജൂലൈ 22-ാം തീയതിക്ക് മുമ്പായി അസോസിയേഷനിൽ അപേക്ഷ സമർപ്പിക്കുക. ■

# മുഖ്യമന്ത്രി, വ്യവസായ, തൊഴിൽ വകുപ്പു മന്ത്രിമാരുമായി കെ.എസ്.എസ്.ഐ.എ. നടത്തിയ ചർച്ചയോഗം

മുഖ്യമന്ത്രി ഉമ്മൻചാണ്ടി, വ്യവസായ വകുപ്പുമന്ത്രി പി.കെ. കുഞ്ഞാലികുട്ടി, തൊഴിൽ വകുപ്പുമന്ത്രി ഷിബു ബേബി ജോൺ എന്നിവരുമായി കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ ഒരു ചർച്ചാ സമ്മേളനം നടത്തി. ജൂൺ 14-ാം തീയതി ട്രാവാൻഡ്രം ചേംബർ ഓഫ് കോമേഴ്സ് ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് വി.കെ.സി. മമ്മദ്കോയ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ദാമോദർ അവന്നൂർ സ്വാഗതം പറഞ്ഞു. ചെറുകിട വ്യവസായ മേഖല നേരിടുന്ന 'ഭീഷണി, വെല്ലുവിളി, അവസരങ്ങൾ' എന്നീ വിഷയം വൈസ് പ്രസിഡന്റ് (സൗത്ത് സോൺ) കെ.പി. രാമചന്ദ്രൻനായർ അവതരിപ്പിച്ചു. സോഷ്യൽ സെക്യൂരിറ്റി ഫണ്ടിന്റെ ലക്ഷ്യങ്ങളെയും ഉദ്ദേശങ്ങളെയും സംബന്ധിച്ച് ചെയർമാൻ പ്രൊഫ. ജോസഫ് ടി. സിറിയക്ക് വിവരിച്ചു. മുഖ്യമന്ത്രിയെ വൈസ് പ്രസിഡന്റ് (C.Z.) ഡോ. ജോർജ് പി. തോമസ്സും, വ്യവസായ വകുപ്പു മന്ത്രിയെ വൈസ് പ്രസിഡന്റ് (N.Z.) തോമസ്സ് മാത്യുവും, തൊഴിൽ വകുപ്പു മന്ത്രിയെ ഡോ. സെക്രട്ടറി എം. ഖാലീദും പൊന്നാട അണിയിച്ചു സ്വീകരിച്ചു. മുഖ്യമന്ത്രി, വ്യവസായ വകുപ്പുമന്ത്രിയും, തൊഴിൽ വകുപ്പു മന്ത്രിയും ചടങ്ങിൽ അവതരിപ്പിച്ച വിഷയത്തെ സംബന്ധിച്ച് സംസാരിച്ചു. തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് ടി. ബിജുകുമാർ നന്ദി പറഞ്ഞു.

ചെറുകിട വ്യവസായ മേഖലയിലെ വിവിധ പ്രശ്നങ്ങൾ അടങ്ങുന്ന വിശദമായ നിവേദനം സംസ്ഥാന പ്രസിഡന്റ് മുഖ്യമന്ത്രിക്കും, മന്ത്രിമാർക്കും സമർപ്പിച്ചു.

### വ്യവസായനയം 100 ദിവസത്തിനുള്ളിൽ പ്രഖ്യാപിക്കും - ഉമ്മൻ ചാണ്ടി

കേരള സർക്കാരിന്റെ വ്യവസായനയം 100 ദിവസങ്ങൾക്കുള്ളിൽ പ്രഖ്യാപിക്കുമെന്ന് ചടങ്ങിൽ സംസാരിച്ച മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. തൊഴിൽ, കയറ്റുമതി എന്നീ രംഗങ്ങളിൽ വൻകിട വ്യവസായങ്ങളേക്കാൾ ശക്തി പകരുന്നത് ചെറുകിട മേഖലയാണ്. അതുകൊണ്ടുതന്നെ ചെറുകിട വ്യവസായ മേഖലയെ പ്രത്യേകമായി കാണാനും അവയുടെ പ്രശ്നം പരിഹരിക്കാനും ശ്രമിക്കും. സംഘടന വെച്ച നിർദ്ദേശങ്ങൾ അസോസിയേഷൻ പ്രതിനിധികളുമായി ചർച്ച ചെയ്യും. മുഖ്യമന്ത്രി ചെയർമാനായുള്ള ടാസ്ക് ഫോഴ്സ് പുനസംഘടിപ്പിക്കും. ഗുണമേന്മയുള്ള ഉല്പന്നം കാര്യക്ഷമത, നിശ്ചിത സമയത്ത് സപ്ലേ ചെയ്യൽ തുടങ്ങിയ കാര്യങ്ങളിൽ വ്യവസായികളുടെ ശ്രദ്ധ ഉണ്ടാകണം. സംഘടന പ്രൊമോട്ട് ചെയ്ത KSSIA സോഷ്യൽ സെക്യൂരിറ്റി ഫണ്ട് വിപുലീകരിക്കും, സർക്കാർ ഓഫീസിൽ നിന്നുള്ള സേവനങ്ങൾ സമയത്തു തന്നെ ലഭിക്കാനുള്ള നടപടിയുണ്ടാകും. സർക്കാരിന്റെ ഭാഗത്തുനിന്നും തെറ്റായ നയങ്ങൾ ഉണ്ടാകുമ്പോൾ അത് ചൂണ്ടിക്കാണിക്കണമെന്നും മുഖ്യമന്ത്രി ഓർമ്മിപ്പിച്ചു.

### വ്യവസായനയത്തിൽ അസോസിയേഷന്റെ നിർദ്ദേശങ്ങൾ പരിഗണിക്കും - കുഞ്ഞാലിക്കുട്ടി

സർക്കാർ പ്രഖ്യാപിക്കുന്ന വ്യവസായ നയത്തിൽ ചെറുകിട വ്യവസായ അസോസിയേഷന്റെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുമെന്നും അതിനു മുൻപ് അസോസിയേഷൻ പ്രതിനിധികളുമായി ചർച്ച നടത്തുമെന്ന് ചടങ്ങിൽ സംസാരിച്ച വ്യവസായ വകുപ്പുമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു. അസോസിയേഷനുമായുള്ള ഏതു പ്രശ്നവും അതാത് സമയത്ത് തന്നെ ശ്രദ്ധയിൽപ്പെടുത്താൻ പേഴ്സണൽ സ്റ്റാഫിലെ ഒരാളെ ചുമതലപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

### തൊഴിൽനയം ഭേദഗതി ചെയ്യുന്നതിനു മുമ്പായി തൊഴിലാളി-തൊഴിൽ ഉടമകളുമായി ചർച്ച നടത്തും - ഷിബു ബേബി ജോൺ

നിലവിലുള്ള ചുമട്ടുതൊഴിലാളി നിയമം ഭേദഗതി ചെയ്യുന്നതിനു മുമ്പായി തൊഴിലാളി തൊഴിൽ ഉടമകളുമായി ചർച്ച നടത്തുമെന്ന് ചടങ്ങിൽ സംസാരിച്ച തൊഴിൽ വകുപ്പുമന്ത്രി ഷിബു ബേബി ജോൺ പറഞ്ഞു. വ്യവസായ മേഖലയിലുള്ള അനാവശ്യ തൊഴിൽ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ■

## പണംകൊണ്ട് വാങ്ങാനാവാത്തത്

| | | | |
|---|---|---|---|
| 1. | പണം കൊണ്ട് കിടക്ക വാങ്ങാനാവും | – | ഉറക്കം വാങ്ങാനാവില്ല. |
| 2. | പുസ്തകങ്ങൾ വാങ്ങാനാവും | – | ബുദ്ധി വാങ്ങാനാവില്ല. |
| 3. | ഭക്ഷണം വാങ്ങാനാവും | – | വിശപ്പു വാങ്ങാനാവില്ല. |
| 4. | അലങ്കാരങ്ങൾ വാങ്ങാനാവും | – | സൗന്ദര്യം വാങ്ങാനാവില്ല. |
| 5. | കെട്ടിടം വാങ്ങാനാവും | – | കുടുംബം (സമാധാനം) വാങ്ങാനാവില്ല. |
| 6. | മരുന്നു വാങ്ങാനാവും | – | ആരോഗ്യം വാങ്ങാനാവില്ല. |
| 7. | ആഡംബര വസ്തുക്കൾ വാങ്ങാനാവും | – | സംസ്കാരം വാങ്ങാനാവില്ല. |
| 8. | വിനോദോപാധികൾ വാങ്ങാനിവും | – | ആനന്ദം വാങ്ങാനാവില്ല. |
| 9. | സഹചാരികളെ വാങ്ങാനാവും | – | സ്നേഹിതരെ വാങ്ങാനാവില്ല. |
| 10. | മുഖസ്തുതി വാങ്ങാനാവും | – | ബഹുമാനം വാങ്ങാനാവില്ല. |
| 11. | സഭാംഗത്വം വാങ്ങാനാവും | – | സ്വർഗ്ഗാവകാശം വാങ്ങാനാവില്ല. |

# ബഹുമാനപ്പെട്ട കേരളാ ധനകാര്യ വകുപ്പ് മന്ത്രി
# ശ്രീ. കെ.എം. മാണി അവർകൾ സമക്ഷം

## കേരളാ സംസ്ഥാന ചെറുകിട വ്യവസായ അസ്സോസിയേഷൻ കോട്ടയം യൂണിറ്റിനുവേണ്ടി
## പ്രസിഡന്റ് ഡോ. റ്റി.സി. ജോസഫ് സമർപ്പിച്ച അപേക്ഷ (ബഡ്ജറ്റ്)

1-4-2005 മുതൽ കേരളത്തിൽ നടപ്പിലാക്കിയ മൂല്യവർദ്ധന നികുതി നിയമപ്രകാരം കഴിഞ്ഞ അഞ്ചു വർഷമായി ചെറുകിട വ്യവസായ രംഗത്തുള്ള വ്യവസായികൾ അനുഭവിച്ചുവരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് 2011-12ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനും ശാശ്വത പരിഹാരത്തിനുമായി താഴെപ്പറയുന്ന കാര്യങ്ങൾ താങ്കളുടെ സത്വര ശ്രദ്ധയിലേക്ക് സമർപ്പിക്കുന്നു.

റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങൾ കേരളത്തിന്റെ ഒരു പൈതൃക സ്വത്തായി മാറിക്കഴിഞ്ഞിരിക്കുന്ന ഈ കാലഘട്ടത്തിൽ റബ്ബറും റബ്ബർ ഉൽപ്പനങ്ങളും വ്യവസായം ചെയ്യുന്ന ചെറുകിട വ്യവസായികൾ അനുഭിക്കുന്ന വലിയ നികുതിഭാരംമൂലം വ്യവസായം സന്നിഗ്ദാവസ്ഥയിലാണ്.

**1. റബ്ബർ മാറ്റ്:**

ഈ ഉൽപന്നം പൂർണ്ണമായി റബ്ബറിനെ ആശ്രയിച്ചാണ് നിർമ്മിക്കുന്നത്. റബ്ബർ മാറ്റ് KVAT Act-03 പ്രകാരം R.N.R.ൽ ഉൾപ്പെടുത്തി 12.5% നികുതി എല്ലാ വിൽപനക്കും ചുമത്തപ്പെടുകയാണ്. ഈ മേഖലയിൽ ചെറുകിട വ്യവസായികൾ വലിയ കുത്തക സംരംഭങ്ങളുമായും വിപണിയിലെ അനാരോഗ്യകരമായ കിടമത്സരവും നേരിട്ട് ഭീമമായ നികുതിനിരക്കായ 12.5 ശതമാനത്തിൽപ്പെട്ട് വ്യവസായസ്ഥാപനങ്ങൾ കടക്കെണിയിലായി അനുദിനം അടച്ചുപൂട്ടലും നഷ്ടവും നേരിടുന്നു. റബ്ബറൈസ്ഡ് കയർ മാറ്റിന് ഗവൺമെന്റ് ഇതേ നിയമത്തിൽ ഒന്നാം പട്ടികയിൽപ്പെടുത്തി (Entry 23 (9)നികുതി ഇളവ് നൽകുന്നു. അതേ വ്യവസായരീതിയും സ്വഭാവവും ഉപയോഗരീതിയും അസംസ്കൃത പദാർത്ഥങ്ങളും ഉള്ള റബ്ബർ മാറ്റിന് 12.5% നികുതി ഈടാക്കുന്നത് കടുത്ത വെല്ലുവിളികൾ ഈ രംഗത്ത് ഉണ്ടാക്കുന്നു. ആയതിനാൽ റബ്ബർമാറ്റ് Sch-I-ൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകണമെന്നും അങ്ങനെ ഈ വ്യാപാരം സംരക്ഷിക്കണമെന്നും അപേക്ഷിക്കുന്നു.

**2. പ്രൈമർ:**

പ്രൈമർ എല്ലാ തരത്തിലുള്ളതും, ഇന്ന് ഒരു നിത്യോപയോഗവസ്തു മാത്രമാണ്. ഇതിന് ഒരു ആഡംബര സ്വഭാവം ഇല്ല. മെറ്റൽ, സിമിന്റ്, തടി എന്നിവയുടെ പ്രതലം സംരക്ഷിക്കുന്നതിനായി മാത്രം ഉപയോഗിക്കുന്നു. അതിനു ശേഷം മറ്റു പെയിന്റുകളോ ആഡംബര ഇനാമലുകളോ ഉപയോഗിക്കുന്നു.

കേരളത്തിൽ പ്രൈമർന് 12.5% നികുതി ചുമത്തുന്നു. പ്രൈമർ ഒരു ചെറുകിട സംരംഭം ആയി നിർമ്മിക്കുന്നു. ഇതിനായി ഉപയോഗിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ എല്ലാം 4% നികുതിയിൽ വരുന്നവയാണ്. റെസിൻ, ക്ലേ, വൈറ്റിങ്ങ്, ടാൽക്ക്, പായ്ക്കിങ്ങ് മെറ്റീരിയൽ എന്നിവ 4% നികുതി നൽകി വാങ്ങുന്നവയാണ്. നമ്മുടെ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക, ആന്ധ്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ പ്രൈമറിന് 4% വാറ്റ് നികുതി മാത്രം ഈടാക്കുന്നു. കേരളത്തിൽ 12.5% ഉം. ഇത് വ്യാപാരം അന്യസംസ്ഥാനങ്ങളിലേക്ക് വ്യാപിക്കുന്നതിനും തന്മൂലം സംസ്ഥാന ഖജനാവിനും നഷ്ടം സംഭവിക്കുന്നതും ആണ്. ആകയാൽ - 'Primer all Types' മൂല്യവർദ്ധന നികുതി നിയമത്തിൽ 3-ാം പട്ടികയിൽപ്പെടുത്തി 4% നികുതി നിരക്കായി പ്രഖ്യാപിക്കണമെന്നും അങ്ങനെ ഈ രംഗത്തെ വ്യവസായം സംരക്ഷിക്കണമെന്നും ആയതിന് 2011-12ലെ ബഡ്ജറ്റിൽ ഇടം കാണണമെന്നും അപേക്ഷിക്കുന്നു.

**3. ടയർ ഫ്ളാപ്പ്:**

ഫ്ളാപ്പ് നിർമ്മാണം കേരളത്തിൽ ചെറുകിട വ്യവസായ സംരംഭമായി മാറിക്കഴിഞ്ഞു. എന്നാൽ ഇതിന്റെ കിടമത്സരം വൻകിട മൾട്ടിനാഷണൽ കമ്പനികളോടാണ്. കേരളത്തിൽ 12.5% നികുതി വാറ്റ് നൽകുമ്പോൾ അന്യസംസ്ഥാനങ്ങളിൽ 4 ശതമാനമാണ്. ഇവിടെത്തന്നെ ടാക്ടർ, ടയർ ഫ്ളാപ്പിന് 4% നികുതി മാത്രമേ ഈടാക്കുന്നുള്ളു. രണ്ടും ഒരേ രീതിയിലും ഉപയോഗത്തിനുമായി നിർമ്മിക്കുമ്പോൾ മറ്റു ഫ്ളാപ്പുകൾക്ക് 12.5% വർദ്ധിച്ച നികുതിനിരക്ക് നീതിരഹിതമാണ്. കൂടാതെ 12.5% നികുതി 4% ത്തിലേക്ക് കുറച്ചാൽ വ്യാപാര വർദ്ധനയും നികുതി ചോർച്ചയും ഒഴിവാകും. ആകെയാൽ ഫ്ളാപ്പ് എല്ലാതരത്തിന്നും 4% ഏകീകൃത നികുതി നിരക്കായി പ്രാഖ്യാപ്പിക്കണമെന്ന് അപേക്ഷിക്കുന്നു.

**4. പ്ലൈവുഡ്:-**

കേരളത്തിന്റെ അഭിമാനവ്യാപാരമായി ഒരു കാലത്ത് മാറിയ തടിയും തടിയുൽപ്പന്ന വ്യാപാരവും, ഇറക്കുമതി തടിയുടെയും വർദ്ധിച്ച കൂലി, ഭീമമായ നികുതി നിരക്ക്, കറണ്ട് ചാർജ് എന്നിവയിൽപ്പെട്ട് തകർച്ചയെ നേരിടുകയാണ്.

പ്ലൈവുഡ് കേരളാ മൂല്യവർദ്ധന നികുതി നിയമപ്രകാരം 12.5% വാറ്റിന് വിധേയമാണ്. എന്നാൽ വെനീർ 4% നികുതിയാക്കി മാറ്റുകയും ചെയ്തു. രണ്ട് ഉൽപ്പന്നങ്ങളും സമാന ഉൽപ്പാദന രീതിയിലും. ഉപയോഗക്രമം നോക്കി

യാലും രണ്ടും അതേപടി ഉപയോഗിക്കാൻ സാദ്ധ്യവുമല്ല. രണ്ടും മറ്റ് ഫർണിച്ചറുകൾക്കും ഇതര ആവശ്യങ്ങൾക്ക് ആയി ഉപയോഗിക്കുന്ന അസംസ്കൃതവസ്തുമാത്രം. പ്ലൈവുഡ് വാങ്ങി അതേ രീതിയിൽ ആർക്കും ഒരുപയോഗം ഇല്ല. ഇങ്ങനെയുള്ള ഇൻഡസ്ട്രിയിൽ ഇൻപുട്ടിന് വാറ്റ് നിയമം മൂന്നാം ഷെഡ്യൂളിൽ ലിസ്റ്റ് A പ്രകാരം 4% നികുതി സംരക്ഷണം KVAT Act-ൽ ഉണ്ട്. എന്നാൽ പ്ലൈവുഡിന് മാത്രം 12.5% നികുതിയിൽപ്പെടുത്തി അസ്സസ്സ്മെന്റ് നടത്തുന്ന ഈ സ്ഥിതിവിശേഷം തികച്ചും നീതി രഹിതമാണ്. ആകയാൽ പ്ലൈവുഡിന് നികുതി നിരക്ക് 12.5% എന്നത് 4% ആക്കി കുറക്കുന്നതിന് 2011-12ലെ പുതുക്കുന്ന ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് ഈ രംഗത്തെ ചെറുകിട വ്യവസായികൾ ഒന്നായി താങ്കളോട് അപേക്ഷിക്കുന്നു.

5. കഴിഞ്ഞ അഞ്ചുവർഷമായി കേരളത്തിൽ നിലവിൽ ഇരിക്കുന്ന മൂല്യവർദ്ധന നികുതി നിയമം പൂർണ്ണമായി കൈകാര്യം ചെയ്തിരുന്ന ഇടതുപക്ഷ ഗവൺമെന്റ് അവരുടെ ഉൽപ്പന്നമായ “കുടുംബശ്രീ” യുടെ ഉൽപ്പന്നങ്ങൾക്ക് പൂർണമായ നികുതി ഇളവ് നൽകി വാറ്റ് നിയമത്തിലെ ഒന്നാം ഷെഡ്യൂളിൽ ഭേദഗതി വരുത്തുകയും ഉണ്ടായി. വാറ്റ് നിയമത്തിൽ ഇളവുകളില്ലന്ന വാദഗതി കാറ്റിൽപറത്തി, കുടുംബശ്രീ ഉൽപ്പന്നങ്ങൾ, പ്രത്യേക സാമ്പത്തിക മേഖല, നേവൽ കാന്റീൻ, ഖാദിഗ്രാമവ്യവസായ ഉൽപ്പന്നങ്ങൾ എന്നിങ്ങനെ നിരവധി രംഗത്ത് പരിഷ്കാരങ്ങൾ വരുത്തി. എന്നാൽ സ്ഥിരമായി നിവേദനങ്ങൾ ഉയർത്തിയിട്ടും ചെറുകിട വ്യവസായ രംഗത്തുള്ള ഉൽപ്പന്നങ്ങൾക്ക് യാതൊരുവിധ പരിഗണനയും ലഭിച്ചില്ല.

ഇന്ന് സാമ്പത്തികമാന്ദ്യത്തിലും കടുത്ത വിലക്കയറ്റത്തിലും നട്ടംതിരിഞ്ഞ് ചെറുകിട ഉൽപ്പന മേഖല അതിന്റെ മഹാദുരിതത്തിലാണ്. ഈ മേഖലയെ അകമഴിഞ്ഞ് ബഹുമാനപ്പെട്ട ഗവ. സഹായിച്ചില്ലെങ്കിൽ നിലനിൽപ്പ് ചോദ്യം ചെയ്യപ്പെടുകയും ഒരു വലിയ വിഭാഗം ജനത - വ്യവസായികളും ജീവനക്കാരും കടക്കെണിയിലാകുകയും ചെയ്യും. ആയതിന് ഏകപരിഹാരം എല്ലാ ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾക്കും പരമാവധി 4% നികുതി നിരക്കിന് മൂന്നാം ഷെഡ്യൂളിൽ ഭേദഗതി വരുത്തണമെന്ന് അപേക്ഷിക്കുന്നു.

6. ഇപ്പോൾ ഖാദി ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളിൽ 21 വിഭാഗത്തിന് മാത്രമേ ഒന്നാം ഷെഡ്യൂളിൽ നികുതി ഇളവ് അനുഭവിക്കുന്നുള്ളു. ആയത് വിവേചനപരമാണ്, ആകയാൽ Entry 55. Sch I മുഴുവൻ ഖാദിഗ്രാമ വ്യവസായങ്ങൾക്കും ബാധമാക്കണമെന്ന് അപേക്ഷിക്കുന്നു.

7. സ്റ്റോർ പർച്ചേസ് പോളിസി:- സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾക്കുള്ള പ്രത്യേക പരിഗണന. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾ ഉൽപ്പാദിപ്പിക്കുന്നു ഉൽപ്പന്നങ്ങൾ സർക്കാർ ഇതര സ്ഥാപനങ്ങൾ വാങ്ങുന്നതിൽ പ്രത്യേക പരിഗണന ലഭ്യമല്ലാതെ ഇരുന്നതിനാൽ ഈ നയം പുനപരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

8. കേരളാ ഗവൺമെന്റിന് സാമ്പത്തികനഷ്ടം യാതൊന്നും ഉണ്ടാക്കാത്തതും എന്നാൽ വ്യവസായ സമൂഹത്തിന് ഗുരുതരമായ ബുദ്ധിമുട്ടുകൾ മാത്രം നൽകുന്നതുമായ താഴെപ്പറയുന്ന കാര്യങ്ങൾക്ക് 2011-12ലെ ഓഗസ്റ്റ് ഹൗസിൽ പരിഹാരം ഉണ്ടാക്കണമെന്ന് അപേക്ഷിക്കുന്നു.

i. മൂല്യവർദ്ധന നികുതി നിയമം 13-ാം വകുപ്പ് പ്രകാരം കയറ്റുമതി വ്യവസായിക്ക് റീഫണ്ടിന് അവകാശം ഉണ്ട്. എന്നാൽ റീഫണ്ട് ബന്ധപ്പെട്ട വകുപ്പിൽനിന്നും വാങ്ങിയെടുക്കുക ദുഷ്കരമാണ്. റീഫണ്ടിന് 46ഉം 47ഉം ചട്ടങ്ങളാണ് ബാധകം. അവയിൽ ഹാജരാക്കേണ്ട രേഖകളിൽ 21J ഫോറം യഥാസമയം ലഭ്യമല്ല. നിരവധി നിവേദനങ്ങൾ കഴിഞ്ഞ ഗവ.ന് മുമ്പിൽ സമർപ്പിച്ചിരുന്നു. എന്നാൽ അവ പരിഗണിക്കപ്പെട്ടില്ല. ഫോറം 21J വാങ്ങിത്തരേണ്ടത് നികുതിവിധേയമായ വസ്തു ആരിൽ നിന്ന് വാങ്ങിയോ ആ വ്യാപാരിയാണ്. ഇപ്രകാരം റീഫണ്ടിന് അപേക്ഷിക്കണമെങ്കിൽ നിരവധി ഓഫീസുകളിൽനിന്നും ആ കാലഘട്ടത്തിലെ ഫോറം 21 J ലഭ്യമാക്കണം. ഇത് അനന്തമായ കാലതാമസം സൃഷ്ടിക്കുകയും കൊടുത്ത നികുതി തിരികെ കിട്ടുന്നത് വളരെ ദുഷ്കരമാവുകയും ചെയ്യുന്നു. ആകയാൽ റൂൾ 6,47 എന്നിവയിൽ നിന്ന് ഫോറം നം. 21 J ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. ആയതിന് പകരം പ്രാദേശിക വില്പനക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നൽകുന്നതുപോലെ ഒരു വിശദമായ പർച്ചേസ് ലിസ്റ്റ് ഫയൽ ചെയ്താൽ മതിയാകും.

ii. കേരളത്തിലെ വ്യവസായികൾ കയറ്റുമതി ചെയ്യപ്പെടുന്നതിലേക്കായി കേരളത്തിലും സംസ്ഥാനത്തിന് പുറത്തും ഉള്ള കയറ്റുമതിക്കാർക്കും സാധനങ്ങൾ വിൽക്കുന്ന പതിവ് ഉണ്ട്. കേന്ദ്ര നികുതി നിയമം 5(3) വകുപ്പാണ് ഇതിന്റെ നിയന്ത്രണം. അപ്രകാരമുള്ള ‘For Export’ വിൽപന വാറ്റ് നിയമത്തിലും നികുതി ബാദ്ധ്യതയില്ലാത്തതുമാണ്. എന്നാൽ നികുതിയിളവിന്നായി സമർപ്പിക്കേണ്ട രേഖകൾ ‘H’ ഫോറവും കയറ്റുമതി ചെയ്യപ്പെട്ടത്തിന്റെ തെളിവുകളായി Shipment bill /Air Cargo Bill തുടങ്ങിയവയും വിദേശനാണയം മാറിയതിന്റെ ബാങ്ക് സർട്ടിഫിക്കറ്റുമാണ്. ഇത് സമ്പാദിക്കുന്നതിന് അനാവശ്യമായ കാലതാമസവും ബുദ്ധിമുട്ടും വ്യാപാരികൾക്ക് നേരിടുന്നു. കയറ്റുമതി ചെയ്ത യഥാർത്ഥ വ്യാപാരികൾ മേൽപ്പറഞ്ഞ രേഖകൾ, കയറ്റുമതിക്ക് കൊടുത്ത വ്യാപാരിയിൽനിന്നും വാങ്ങുന്നത് കടുത്ത അനീതിയാണ്.

ആകയാൽ 5(3) CST വിൽപ്പനക്ക് അല്ലെങ്കിൽ കയറ്റുമതിക്കായി വിറ്റ സാധനങ്ങൾക്ക് ‘H form’മാത്രം ബാധമാക്കണമെന്നും അങ്ങനെ ഈ രംഗം സുതാര്യവും വേഗമേറിയതും ആക്കണമെന്ന് അപേക്ഷിക്കുന്നു.

■

# കേരളത്തിലെ ചെറുകിട വ്യവസായ യൂണിറ്റുകൾ ഫാക്ടറി ലൈസൻസ് ഫീസ് പുതുക്കുന്നതു സംബന്ധിച്ച് വലിയ പ്രതിസന്ധിയിൽ

## (മന്ത്രി ശ്രീ. ഷിബു ബേബി ജോണിന് അസോസിയേഷൻ സമർപ്പിച്ച അപേക്ഷ)

കഴിഞ്ഞ LDF സർക്കാറിന്റെ കാലത്ത് ഫാക്ടറി ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചത്, നിരവധി നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ കുറവുചെയ്ത് G.O.No.Rt. No. 790/10 LBR/ dated 3/5/2010 ഗവ ഉത്തരവ് ഇറക്കിയെങ്കിലും, ടി ഉത്തരവ്, ഇറക്കിയെങ്കിലും, ടി ഉത്തരവ്, ഫാക്ടറി ലൈസൻസ് ഫീസ് എല്ലാ വർഷവും പുതുക്കേണ്ട ഒക്ടോബർ 31ന് ശേഷമാണ് പുറത്തിറങ്ങിയത്. ഉത്തരവ് ലഭിക്കും എന്ന് ഉറപ്പ് ലഭിക്കും എന്ന് ഉറപ്പ് ലഭിച്ചതിനാൽ ഫീസ് പുതുക്കുന്നതിന് ചെറുകിട വ്യവസായികൾ കാത്തിരുന്നു. എന്നാൽ ടി ഉത്തരവ് താമസിച്ചിറങ്ങിയതിനാൽ പിഴയില്ലാതെ ഫീസ് പുതുക്കുന്നതിന് അന്ന് ചർച്ചകളുടെ അടിസ്ഥാനത്തിൽ ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഡയറക്ടർക്ക് മന്ത്രി ശ്രീ. പി.കെ. ഗുരുദാസൻ നിർദ്ദേശം നൽകിയിരുന്നു (ഫയൽ No. 20195/H&LA/2011). എന്നാൽ ടി ഉത്തരവ് വരാഞ്ഞതിനാൽ, താമസിച്ച് ഫീസടച്ചതിന്റെ പിഴ അടയ്ക്കാതെ കഴിഞ്ഞ 3 വർഷത്തെ പണം അടച്ചിട്ടും, ഫാക്ടറി ലൈസൻസ് പുതുക്കി ലഭിക്കാത്ത വലിയ പ്രതിസന്ധിയിലാണ് ചെറുകിട വ്യവസായികൾ. കഴിഞ്ഞ ദിവസം അങ്ങ് കൊല്ലത്ത് നടന്ന യോഗത്തിൽ ഫാക്ടറി ലൈസൻസ് പുതുക്കുന്നതു സംബന്ധിച്ച പ്രസ്താവന നടത്തിയത് ഓർക്കുമല്ലോ. യഥാർത്ഥത്തിൽ ഞങ്ങളുടേതല്ലാത്ത കുറ്റം കൊണ്ട് സംഭവിച്ച ഈ കാര്യം പുനപ്പരിശോധിച്ച് സമക്ഷത്തുനിന്നും അനുകൂലമായ ഉത്തരവ് നൽകി ചെറുകിട വ്യവസായ യൂണിറ്റുകളെ ഈ പ്രസിതന്ധിയിൽ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതു സംബന്ധിത്ത് കോട്ടയത്തെ നിരവധി യൂണിറ്റുകളുടെ പരാതി ലഭിക്കുകയും, കോട്ടയത്തെ യൂണിറ്റുകൾക്ക് ഫാക്ടറി ഇൻസ്പെക്ടേറ്റിൽ നിന്നും സമ്മർദ്ദം ഏറിയ സാഹചര്യത്തിലും, അസോസിയേഷൻ കോട്ടയം ജില്ലാ യൂണിറ്റ് നടത്തിയ പത്ര സമ്മേളനത്തിന്റെ റിപ്പോർട്ട് എല്ലാ പ്രമുഖ പത്രങ്ങളും പ്രസിദ്ധീകരിച്ചിരുന്നു. മലയാള മനോരമയിൽ വന്ന വാർത്തയുടെ കോപ്പി അങ്ങയുടെ അറിവിലേക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു. ■


മലയാള മനോരമ 2011 ജൂൺ 26

### പിഴയില്ലാതെ ഫീസ് എടുക്കണം: വ്യവസായികൾ

കോട്ടയം: സർക്കാർ ഉത്തരവ് സമയത്ത് ഇറങ്ങാത്തതിനാൽ വ്യവസായികൾ അധികപ്പിഴ അടയ്ക്കേണ്ടിവരുന്നതായി കേരള സ്റ്റേറ്റ് സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് ഡോ. ടി. സി. ജോസഫ് പറഞ്ഞു. പിഴ പിൻവലിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

എൽഡിഎഫ് ഗവൺമെന്റിന്റെ കാലത്ത് ഫാക്ടറി ലൈസൻസ് ഫീസ് കുത്തനെ വർധിപ്പിച്ചിരുന്നു. നിരക്ക് വർധന കുറയ്ക്കണമെന്ന് ആവശ്യപ്പെട്ട് വ്യവസായികൾ അന്നത്തെ തൊഴിൽമന്ത്രി പി.കെ. ഗുരുദാസന് നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഫീസ് കുറയ്ക്കുവാൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച ഉത്തരവ് 2010 മേയിൽ പ്രാബല്യത്തിൽ വരുകയും ചെയ്തു. എന്നാൽ ഉത്തരവ് ഇറക്കുവാൻ വൈകിയതിനാൽ വ്യവസായികൾക്ക് സമയത്ത് ഫീസ് അടയ്ക്കുവാൻ സാധിച്ചില്ല. തങ്ങളുടേതല്ലാത്ത കാരണംകൊണ്ട് വ്യവസായികൾ ഇപ്പോൾ 50% അധിക പിഴ അടയ്ക്കേണ്ട സ്ഥിതിയാണ്.

പിഴയില്ലാതെ ഫീസ് അടയ്ക്കുവാൻ സമയപരിധി അനുവദിക്കണമെന്ന് വ്യവസായികൾ അഭ്യർഥിച്ചതനുസരിച്ച് അന്നത്തെ തൊഴിൽമന്ത്രി ഫാക്ടറീസ് ഡയറക്ടർക്ക് നിർദേശം കൊടുത്തെങ്കിലും തീരുമാനം എടുത്തിട്ടില്ല. ലൈസൻസ് പുതുക്കാൻ പിഴ അടയ്ക്കണമെന്ന നിലപാടിലാണ് ഫാക്ടറി ഇൻസ്പെക്ടർമാർ. തൊഴിൽവകുപ്പുമന്ത്രി ഷിബു ബേബി ജോൺ ഇടപെട്ട് വ്യവസായികൾക്ക് അനുകൂലമായ തീരുമാനമെടുക്കണമെന്ന് സംഘടന ആവശ്യപ്പെട്ടു.

# പിൻകോഡും ലെറ്റർ ബോക്സും




മേൽവിലാസമുള്ളവർക്കെല്ലാം പിൻകോഡുണ്ട്. പിൻകോഡ് (Pin Code0) അഥവാ പോസ്റ്റൽ ഇൻഡക്സ് നമ്പർ കോഡ് എന്നത് തപാൽ വിതരണമുള്ള പോസ്റ്റോഫീസുകൾക്ക് നൽകിയിട്ടുള്ള ആറക്കങ്ങളുള്ള നമ്പറാണ്. 1972 ആഗസ്റ്റ് 15-ന് നിലവിൽവന്ന പിൻകോഡ് സമ്പ്രദായം അനുസരിച്ച്, പിൻകോഡിലെ ആദ്യ മൂന്നക്കങ്ങൾ കണ്ടാൽ പോസ്റ്റോഫീസ് ഏതു സംസ്ഥാനത്ത് ഏത് സോർട്ടിംഗ് ജില്ലയിലാണെന്നു പറയാൻ കഴിയും. ഈ മൂന്ന് അക്കമുള്ള എസ്.റ്റി.ഡി (STD) കോഡ് പോലെയാണ്. തുടർന്നുള്ള മൂന്നക്കങ്ങൾകൂടി ചേർന്നാൽ അതാതു ജില്ലയിലെ പോസ്റ്റോഫീസിന്റെ പിൻകോഡായി. 686 കോട്ടയം സോർടിംഗ് ജില്ലാ കോഡാണ്. കോട്ടയം ഹെഡ് പോസ്റ്റോഫീസിന്റെ പിൻ 686 001 ആണ്.

മേൽവിലാസത്തിൽ പിൻകോഡ് നിർബന്ധമാണ്. സ്പീഡ്പോസ്റ്റായി കത്തുകളയക്കാനും ഇ-മണിയോർഡർ അയക്കാനും മേൽവിലാസത്തിൽ പിൻകോഡ് കൃത്യമായും എഴുതണം. വ്യക്തികളും സ്ഥാപനങ്ങളും അവരുടെ മേൽവിലാസത്തിലും ലെറ്റർപാഡിലും വിസിറ്റിംഗ് കാർഡിലുമെല്ലാം തപാൽ വിതരണ പോസ്റ്റോഫീസിന്റെ പേരും പിൻകോഡും നിർബന്ധമായും ചേർക്കുക. ഇ-മെയിലിൽ സിഗ്നേച്ചർ സെറ്റ് ചെയ്യുമ്പോൾ പിൻകോഡ് കൂടി ഉൾപ്പെടുത്താൻ മറക്കരുത്.

അതുപോലെ തന്നെ പ്രധാനമാണ് ഗേറ്റിലുള്ള ലെറ്റർ ബോക്സ്. പല വീടുകളിലും പകൽ സമയത്ത് തപാൽ ഉരുപ്പടികൾ ഏറ്റുവാങ്ങാൻ ആളില്ലാത്ത അവസ്ഥയുണ്ട്. വീടിന്റെ ഗേറ്റിൽ ലെറ്റർ ബോക്സ് സ്ഥാപിക്കുന്നച് തപാൽ ഉരുപ്പടികൾ സുരക്ഷിതമായി നിക്ഷേപിക്കാൻ സഹായിക്കും. രജിസ്റ്റർ ചെയ്ത തപാൽ ഉരുപ്പിടികൾ ഏറ്റുവാങ്ങാൻ ആളില്ലാത്ത അവസ്ഥയിൽ പോസ്റ്റുമാൻ കത്തുകൾ തിരികെ കൊണ്ടുപോകുന്ന സാഹചര്യമുണ്ട്. പരിഹാരമൊന്നേയുള്ളൂ. വീട്ടിൽ പകൽ സമയത്ത് സ്ഥിരമായി ഉണ്ടാകുന്ന ആളെ കത്തുകൾ വാങ്ങാൻ ചുമതലപ്പെടുത്തി അധികാരപത്രം പോസ്റ്റുമാസ്റ്ററെ ഏൽപ്പിക്കുക. തപാൽ ഉരുപ്പടികളുടെ വരവ് അറിയിച്ചുള്ള ഇന്റിമേഷൻ സ്ലീപ്പ് സുരക്ഷിതമായി ഇടാനും ഒരിടം വേണ്ടേ? ഇ-മെയിലും എസ്.എം.എസ് ഉം സൂക്ഷിക്കാൻ ഇൻബോക്സ് ശ്രദ്ധിച്ചുകാണുമല്ലോ. വരുന്ന ഇ-മെയിലും എസ്.എം.എസ് ഉം സ്വീകരിക്കാനും സൂക്ഷിക്കാനും ഇങ്ങനെയൊരു "ഇൻ-ബോസ്ക്" ഇല്ലെങ്കിലോ? നിങ്ങളുടെ ഗേറ്റിലും ഒരു ലെറ്റർ ബോസ്ക് സ്ഥാപിക്കുന്നത് നല്ലത്.

**സീനിയർ സൂപ്രണ്ട് ഓഫ് പോസ്റ്റോഫീസസ്**
**എറണാകുളം, കൊച്ചി**